സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ഓഗസ്റ്റ് 31 വ്യാഴം | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


## കേന്ദ്രമന്ത്രിയുടെ വീട്ടിൽ യുവാവ് വെടിയേറ്റ് മരിച്ച നിലയിൽ



ലക്നൗ: കേന്ദ്രമന്ത്രിയുടെ വീട്ടിൽ യുവാവ് വെടിയേറ്റ് മരിച്ചനിലയിൽ. കേന്ദ്രമന്ത്രി കൗശൽ കിഷോറിന്റെ ലക്നൗവിലെ വീട്ടിലാണ് യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. കൗശൽ കിഷോറിന്റെ മകൻ വികാസ് കിഷോറിന്റെ അടുത്ത സുഹൃത്തായ വിനയ് ശ്രീവാസ്തവയാണ് മരിച്ചത്.ഇന്ന് പുലർച്ചെയാണ് 4.15 ഓടേയാണ് സംഭവം. വെടിവയ്പ് നടന്ന സമയത്ത് തന്റെ മകൻ വീട്ടിൽ ഉണ്ടായിരുന്നില്ലെന്ന് കൗശൽ കിഷോർ പ്രതികരിച്ചു. സംഭവ സമയത്ത് തന്റെ മകൻ വികാസ് കിഷോർ ഡൽഹിയിലായിരുന്നു. ആരെല്ലാം വീട്ടിൽ ഉണ്ടായിരുന്നു എന്ന കാര്യം അറിയില്ല. സംഭവത്തെ കുറിച്ച് പൊലീസ് വിശദമായ അന്വേഷണം നടത്തുമെന്നും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുമെന്നും കേന്ദ്രമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. സംഭവ സ്ഥലത്ത് നിന്ന് പൊലീസ് കണ്ടെടുത്ത തോക്ക് തന്റെ മകന്റെ പേരിലുള്ളതാണ്. സംഭവ സമയത്ത് വീട്ടിലുണ്ടായിരുന്ന തന്റെ മകന്റെ സുഹൃത്തുക്കളെയും മറ്റുള്ളവരെയും പൊലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വരികയാണ്. തന്റെ മകന്റെ അടുത്ത സുഹൃത്താണ് മരിച്ച വിനയ്. വിനയിന്റെ മരണത്തിൽ മകൻ വളരെ ദുഃഖിതനാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.വികാസ് കിഷോറിന്റെ സുഹൃത്താണ് വിനയ് എന്ന് സഹോദരൻ വികാസ് ശ്രീവാസ്തവ സ്ഥിരീകരിച്ചു. സംഭവം നടക്കുന്ന സമയത്ത് കേന്ദ്രമന്ത്രിയുടെ വീട്ടിൽ മൂന്ന് പേർ ഉണ്ടായിരുന്നു എന്നാണ് അറിയുന്നത്. എന്നാൽ വികാസ് കിഷോർ അവിടെ ഉണ്ടായിരുന്നോ എന്ന കാര്യത്തിൽ തനിക്ക് വ്യക്തതയില്ലെന്നും വികാസ് ശ്രീവാസ്തവ മാധ്യമങ്ങളോട് പറഞ്ഞു.

## ഒരു രാജ്യം, ഒറ്റ തെരഞ്ഞെടുപ്പ്; ജെപി നഡ്ഢ റാംനാഥ് കോവിന്ദുമായി കൂടിക്കാഴ്ച നടത്തി

ന്യൂഡൽഹി: ഒരു രാജ്യം, ഒറ്റ തെരഞ്ഞെടുപ്പ് എന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനുള്ള സമിതി മേധാവിയാക്കിയതിനു പിന്നാലെ മുൻ രാഷ്ട്രപതി റാം നാഥ് കോവിന്ദുമായി ബിജെപി അധ്യക്ഷൻ ജെപി നഡ്ഢ കൂടിക്കാഴ്ച നടത്തി. തലസ്ഥാനത്ത് കോവിന്ദിന്റെ വീട്ടിലായിരുന്നു കൂടിക്കാഴ്ച.റാംനാഥ് കോവിന്ദും നഡ്ഢയും തമ്മിലുള്ള കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. ഒരു രാജ്യം, ഒറ്റ തെരഞ്ഞെടുപ്പ് ആശയത്തെ മുൻപ് പലപ്പോഴും അനുകൂലിച്ചിട്ടുള്ളയാളാണ് റാം നാഥ് കോവിന്ദ്.അപ്രതീക്ഷിതമായി പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതിന് പിന്നാലെയാണ് പുതിയ സമിതിയെ നിയോഗിച്ചതായി വിവരം പുറത്തുവന്നത്. ലോക് സഭ, നിയമസഭ തെരഞ്ഞെടുപ്പുകൾ ഒന്നിച്ച് നടത്താൻ ലക്ഷ്യമിട്ട് പാർലമെന്റിൽ ഉടൻ തന്നെ ബിൽ കൊണ്ടുവരാനാണ് പ്രത്യേക സമ്മേളനം വിളിച്ചത് എന്ന തരത്തിൽ ഇന്നലെ തന്നെ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ഇതിന് പിന്നാലെയാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനവുമായി ബന്ധപ്പെട്ട് പുതിയ വിവരങ്ങൾ പുറത്തുവന്നത്.



ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് നിർദേശം പഠിക്കാൻ രാംനാഥ് കോവിന്ദ് അധ്യക്ഷനായ സമിതിക്ക് രൂപം നൽകിയിരിക്കുകയാണ് സർക്കാർ.അഞ്ചുദിവസമാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ചേരുക. സെപ്റ്റംബർ 18 മുതൽ 22 വരെയാണ് പ്രത്യേക സമ്മേളനം. ക്രിയാത്മക ചർച്ചകൾ പ്രതീക്ഷിക്കുന്നതായി കേന്ദ്രമന്ത്രി പ്രഹ്ലാദ് ജോഷി പറഞ്ഞു. പതിനേഴാമത് ലോക്സഭയുടെ പതിമൂന്നാമത് സമ്മേളനവും രാജ്യസഭയുടെ 261മത് സമ്മേളനവും സെപ്റ്റംബർ 18 മുതൽ 22 വരെ അഞ്ച് ദിവസമായി നടക്കും. പാർലമെന്റിൽ ഫലപ്രദമായ ചർച്ചകളും സംവാദങ്ങളും നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി വ്യക്തമാക്കി. പുതിയ പാർലമെന്റ് മന്ദിരത്തിൽ ആയിരിക്കും സമ്മേളനം ചേരുകയെന്ന് സൂചനയുണ്ട്. ജി 20 ഉച്ചകോടി കഴിയുന്നതിന് തൊട്ടുപിന്നാലെയാണ് പാർലമെന്റ് സമ്മേളനം വിളിച്ചിരിക്കുന്നത്.

## തമിഴ്നാടിൻറെ പ്രഭാത ഭക്ഷണ പദ്ധതിക്ക് അവഹേളനം, ദിനമലർ പത്രത്തിനെതിരെ വ്യാപക പ്രതിഷേധം

ചെന്നൈ: തമിഴ്നാട് സർക്കാരിന്റെ സൗജന്യ പ്രഭാത ഭക്ഷണ പദ്ധതിയേ അവഹേളിച്ച് വാർത്ത നൽകിയ ദിനമലർ പത്രത്തിനെതിരെ വ്യാപക പ്രതിഷേധം. പത്രത്തിന്റെ കോപ്പികൾ കത്തിച്ചാണ് പ്രതിഷേധം. ദിനമലർ ഓഫിസുകളുടെ സുരക്ഷ കൂട്ടിയിട്ടുണ്ട്.
'പ്രഭാത ഭക്ഷണ പരിപാടി : വിദ്യാർത്ഥികൾക്ക് ഡബിൾ ശാപ്പാട്, സ്കൂൾ കക്കൂസ് നിറഞ്ഞിരിക്കുന്നു' എന്നതായിരുന്നു ദിനമലർ പ്രഭാത ഭക്ഷണ പരിപാടിയെ അവഹേളിച്ച് നൽകിയ വാർത്തയുടെ തലക്കെട്ട്. ഇതിനെതിരെ പ്രതിഷേധം ശക്തമാവുന്നതിനിടെ രൂക്ഷമായ വിമർശനമാണ് തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ നടത്തിയത്.
ഓഗസ്റ്റ് 31നായിരുന്നു വിവാദമായ തലക്കെട്ടുമായി ദിനമലർ പ്രസിദ്ധീകരിച്ചത്. കാലൈ ഉണവു തിട്ടം എന്ന പദ്ധതി വിപുലമാക്കിയാണ് പ്രഭാത ഭക്ഷണ പദ്ധതി ഡിഎംകെ നടപ്പിലാക്കിയത്. പുതിയ പദ്ധതി മൂലം കൂടുതൽ ഭക്ഷണം കഴിക്കുന്ന കുട്ടികൾ കക്കൂസ് കൂടുതലായി ഉപയോഗിക്കുന്നുവെന്ന നിലയിലായിരുന്നു അവഹേളനം. സംസ്ഥാനത്തെ 1543 പ്രൈമറി സ്കൂളുകളിലായി 2022ൽ ആരംഭിച്ച പദ്ധതി 2023ൽ 30122 സർക്കാർ സ്കൂളുകളിലേക്ക് നീട്ടിയിരുന്നു. 500 കോടി രൂപയാണ് പദ്ധതിക്കായി ബജറ്റിൽ നീക്കി വച്ചിരുന്നത്. 1 മുതൽ 5 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക.തലക്കെട്ട് വിവാദമായതിന് പിന്നാലെ ദിനമലർ വിശദീകരണവുമായി എത്തിയിട്ടുണ്ട്. ചെന്നൈ, കോയമ്പത്തൂർ, മധപരൈ, തിരുനെൽവേലി എഡിഷനുകളിൽ ഈ തലക്കെട്ട് ഉപയോഗിച്ചിട്ടില്ലെന്നും ഈറോഡ്, സേലം എഡിഷനുകളിൽ മാത്രമാണ് ഈ തലക്കെട്ട് ഉപയോഗിച്ചതെന്നുമാണ് വിശദീകരണം.വിവാദ തലക്കെട്ടിനെ രൂക്ഷമായ രീതിയിലാണ് ഉദയനിധി സ്റ്റാലിനും വിമർശിച്ചിരിക്കുന്നത്. ദ്രാവിഡ മോഡൽ വിദ്യാഭ്യാസം നിറയുന്നത് കാണുമ്പോൾ ആര്യൻ മോഡൽ ശുചിമുറികൾ നിറയുന്നത് കാണുന്നുവെന്നാണ് ഉദയനിധി സ്റ്റാലിൻ ട്വീറ്ററിൽ പ്രതികരിച്ചത്.




## ചൈനീസ് അതിർത്തിയിൽ ശക്തിപ്രകടനത്തിന് ഇന്ത്യ

ന്യൂഡൽഹി: ഇന്ത്യയുടെ ഭാഗമായ അരുണാചൽ പ്രദേശ് അടക്കം ഉൾപ്പെടുത്തി ചൈന പുറത്തുവിട്ട ഭൂപടത്തിന് എതിരായി പ്രതിഷേധം തുടരുന്നതിനിടെ, ചൈനീസ് അതിർത്തിയിൽ വ്യോമാഭ്യാസം നടത്താൻ ഒരുങ്ങി ഇന്ത്യ.
ജി 20 ഉച്ചകോടിക്കിടെ വടക്കൻ മേഖലയിൽ വ്യോമാഭ്യാസ ശക്തിപ്രകടനം നടത്താനാണ് ഇന്ത്യ പദ്ധതിയിട്ടിരിക്കുന്നത്. ത്രിശൂൽ എന്ന പേരിലാണ് ശക്തിപ്രകടനം.
സെപ്റ്റംബർ നാലുമുതൽ 14 വരെ പത്തുദിവസം നീണ്ടുനിൽക്കുന്ന വ്യോമാഭ്യാസ പ്രകടനമാണ് നിശ്ചയിച്ചിരിക്കുന്നത്. ചൈനയ്ക്ക് പുറമേ പാകിസ്ഥാൻ അതിർത്തിയിലും ശക്തിപ്രകടനം നടത്തും. ഇന്ത്യയുടെ മുൻനിര യുദ്ധവിമാനങ്ങളാണ് ഇതിൽ അണിനിരക്കുക.
വ്യോമസേനയുടെ പടിഞ്ഞാറൻ കമാൻഡാണ് ഇത് സംഘടിപ്പിക്കുന്നത്.
അതിർത്തിയിൽ കഴിഞ്ഞ മൂന്ന് വർഷമായി ചൈനയുമായി തുടരുന്ന സംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് ശക്തിപ്രകടനം.
അടുത്തകാലത്തായി സംഘടിപ്പിച്ച വ്യോമാഭ്യാസ പ്രകടനങ്ങളിൽ മികച്ചതാക്കാൻ ലക്ഷ്യമിട്ടാണ് വ്യോമസേനയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.
റഫാൽ, മിറാഷ് 2000, സുഖോയ്, മിഗ് 29 തുടങ്ങി വ്യോമസേനയുടെ യുദ്ധവിമാനങ്ങളിൽ മുൻനിരയിലുള്ളവയാണ് ശക്തിപ്രകടനത്തിന്റെ ഭാഗമാകുക. ലഡാക്ക്, ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, പഞ്ചാബ്, ഉത്തരാഖണ്ഡ് എയർബേസുകളെ ഉൾപ്പെടുത്തിയാണ് ശക്തിപ്രകടനം നടത്തുക.

## തെരഞ്ഞെടുപ്പിന് അതിവേഗം ഒരുങ്ങാൻ 'ഇന്ത്യ'; ഇന്ന് മുന്നണി നേതൃയോഗം

മുംബൈ: പ്രതിപക്ഷ പാർട്ടികളുടെ സഖ്യമായ ഇന്ത്യാ മുന്നണിയിലെ സീറ്റു വിഭജനം ഈ മാസം 30 നകം പൂർത്തിയാക്കാൻ ധാരണ. മുന്നണിയുടെ സംയുക്ത സ്ഥാനാർത്ഥികളെ ഈ മാസം 30 നകം തീരുമാനിക്കണമെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ ഇന്നലെ ചർച്ചയിൽ ആവശ്യപ്പെട്ടിരുന്നു.
ഇക്കാര്യം ഇന്നു രാവിലെ 10.30 ന് ആരംഭിക്കുന്ന നേതൃയോഗം ചർച്ച ചെയ്യും. പ്രതിപക്ഷ കക്ഷികളെ ഏകോപിപ്പിക്കാനും നരേന്ദ്രമോദി സർക്കാരിനെതിരെ സംയുക്ത പ്രക്ഷോഭം, പൊതുസമ്മേളനങ്ങൾ, റാലികൾ എന്നിവ സംഘടിപ്പിക്കാനും ബിജെപക്കെതിരെ രാഷ്ട്രീയമായി ഉപയോഗിക്കാവുന്ന വിഷയങ്ങൾ കണ്ടെത്താനുമായി വിവിധ സമിതികൾക്കും നേതൃയോഗം രൂപം നൽകും.
വിവിധ പാർട്ടികളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി വക്താക്കളുടെ സംയുക്ത നിരയും രൂപീകരിക്കും. ഇന്ത്യാ മുന്നണിയുടെ കൺവീനർ സംബന്ധിച്ചും ഇന്ന് പ്രഖ്യാപനം ഉണ്ടായേക്കും. മല്ലികാർജുൻ ഖാർഗെ, ശരദ് പവാർ, നിതീഷ് കുമാർ എന്നിവരുടെ പേരുകളാണ് പരിഗണനയിലുള്ളത്. കോൺഗ്രസ് മുന്നണിയുടെ നേതൃത്വം വഹിക്കണം എന്നാണ് ശിവസേനയും മുസ്ലിം ലീഗും അടക്കമുള്ള പാർട്ടികളുടെ നിലപാട്. ഖാർഗെയുടെ ദലിത് പ്രതിച്ഛായ ഗുണം ചെയ്യുമെന്നും വിലയിരുത്തലുകളുണ്ട്.
മുന്നണിയുടെ ലോഗോ ഇന്ന് പ്രകാശനം ചെയ്യും. തെരഞ്ഞെടുപ്പു മുദ്രാവാക്യവും പുറത്തിറക്കിയേക്കും. 'ബിജെപി ചലേ ജാവോ' (ബിജെപി ഇറങ്ങിപ്പോകൂ) എന്ന മുദ്രാവാക്യം രാജ്യമെങ്ങും ഉയർത്തണമെന്ന നിർദേശം കോൺഗ്രസ് മുന്നോട്ടുവച്ചിട്ടുണ്ട്. എൻഡിഎ ഘടകകക്ഷികളെ അടർത്തിയെടുത്ത് 'ഇന്ത്യ' മുന്നണി വിപുലീകരിക്കാനുള്ള നീക്കങ്ങളും യോഗം ചർച്ച ചെയ്യും.
ഒമ്പതു പാർട്ടികൾ ഇന്ത്യയിൽ ചേരാൻ താൽപര്യമറിയിച്ചിട്ടുണ്ടെന്ന് കോൺഗ്രസ് സൂചിപ്പിച്ചു. സമൂഹ മാധ്യമങ്ങളിലും ഒറ്റക്കെട്ടായി പ്രചാരണം നടത്തും.
പ്രതിപക്ഷ കക്ഷികളുടെ സമൂഹമാധ്യമ അക്കൗണ്ടുകളിലൂടെ മുന്നണിയുടെ പ്രചാരണം വൈകാതെ ആരംഭിക്കും.

## വാണിജ്യ പാചക വാതകത്തിന്റെ വില കുറച്ചു

ന്യൂഡൽഹി: വാണിജ്യ പാചക വാതകത്തിന്റെ വിലകുറച്ചു. 158 രൂപയാണ് കുറച്ചത്. എണ്ണക്കമ്പനികളാണ് നടപടിയെടുത്തത്.
19 കിലോഗ്രാം വാണിജ്യ എൽപിജി ഗ്യാസ് സിലിണ്ടറുകളുടെ വില കുറച്ചതായി വൃത്തങ്ങൾ അറിയിച്ചു.
പുതിയ വിലകൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വരും, ഡൽഹിയിലെ 19 കിലോഗ്രാം വാണിജ്യ എൽപിജി സിലിണ്ടറിന്റെ ചില്ലറ വിൽപ്പന വില 1,522 രൂപയാകും.നേരത്തെ ഓഗസ്റ്റിൽ വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വില ഒഎംസികൾ 99.75 രൂപ കുറച്ചിരുന്നു. ജൂലൈയിൽ വാണിജ്യ എൽപിജി ഗ്യാസ് സിലിണ്ടറുകളുടെ വില 7 രൂപ വീതം വർധിപ്പിച്ചിരുന്നു.



കഴിഞ്ഞദിവസം ഗാർഹിക പാചകവാതകത്തിന്റെ വില കേന്ദ്ര സർക്കാർ 200 രൂപ കുറച്ചിരുന്നു.ഗ്യാസ് സിലിണ്ടറിന് വിലകുറയുന്നത് പ്രധാന മന്ത്രിയുടെ ഓണം രക്ഷാബന്ധൻ സമ്മാനമാണെന്ന് കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ പറഞ്ഞു. തീരുമാനം ഉടൻ നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു. അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാ തെരെഞ്ഞെടുപ്പ് എത്തിനിൽക്കുമ്പോഴാണ് എൽ പി ജി ഗാർഹിക ഉപഭോക്താക്കൾക്ക് 200 രൂപ സബ്സിഡി പ്രഖ്യാപിച്ചിരിക്കുന്നത്. ഉജ്ജ്വൽ യോജന പ്രകാരം കണക്ഷൻ എടുത്തവർക്കു നിലവിൽ 200 രൂപ സബ്സിഡി ലഭിക്കുന്നുണ്ട്. അധികമായി 200 രൂപ കൂടി ലഭിക്കുന്നതോടെ ഉജ്ജ്വൽ യോജനയിലെ ബിപിഎൽ കുടുംബങ്ങൾക്കു 400 രൂപയുടെ ഇളവ് കിട്ടും.
രാജസ്ഥാൻ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നേരത്തെ കോൺഗ്രസ് സബ്സിഡി പ്രഖ്യാപിച്ചിരുന്നു. രാജസ്ഥാൻ, ഛത്തീസ്ഗഡ്, മിസോറാം തുടങ്ങിയ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെയാണ് ഈ പ്രഖ്യാപനങ്ങൾ വരുന്നത്.



## തലസ്ഥാനത്ത് വീണ്ടും ഗുണ്ടാ ആക്രമണം; യുവാവിന്റെ കൈ അടിച്ചൊടിച്ചു, വീട് കയറി ആക്രമണം

തിരുവനന്തപുരം: പോത്തൻകോട് നേതാജിപുരത്ത് മുപ്പതോളം ഗുണ്ടകൾ വീട്ടിൽക്കയറി ആക്രമിച്ചു. വീട്ടുടമ നഹാസിന്റെ കൈ അടിച്ചൊടിച്ചു. യുവതിയെ കഴുത്തറത്ത് കൊന്ന കേസിലെ പ്രതിയുടെ നേതൃത്വത്തിലായിരുന്നു ഗുണ്ടാ ആക്രമണം.
യുവതിയെ കഴുത്തറത്ത് കൊന്ന കേസിലെ പ്രതിയായ വിനീഷ്, സുഹൃത്ത് ശ്യാം എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഇന്നലെ പോത്തൻകോട് നേതാജിപുരത്ത് അക്രമം നടന്നത്. നഹാസിന്റെ സഹൃത്തിനെ ഒരാഴ്ച മുമ്പ് ഈ സംഘം ആക്രമിച്ചിരുന്നു. എന്നാൽ ഇക്കാര്യം പൊലീസിനെ അറിയിച്ചിരുന്നില്ല. ഇതേ തുടർന്ന് സംഘങ്ങൾ തമ്മിൽവീണ്ടും പ്രശ്നങ്ങളുണ്ടായി.
ഇന്നലെ വൈകുന്നേരത്തോട് കൂടി മദ്യപിച്ചതിന് ശേഷം വീണ്ടും നേതാജിപുരം ജംഗ്ഷനിൽ വെച്ച് സംഘർഷമുണ്ടായി. മുപ്പത് പേർ ചേർന്ന് നഹാസിന്റെ കൈ അടിച്ചൊടിച്ചു. പിന്നീടായിരുന്നു വീട് കയറി ആക്രമിച്ചത്. വീട്ടിലുണ്ടായിരുന്ന സ്കൂട്ടർ അക്രമിസംഘം തല്ലിത്തകർത്തു. നഹാസിനെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച നഹാസിനെ ഇന്ന് ശസ്ത്രക്രിയ നടത്തി.
സംഭവവുമായി ബന്ധപ്പെട്ട് പോത്തൻകോട് പൊലീസ് അന്വേഷണം ശക്തമാക്കിയിട്ടുണ്ട്.

## 'കൃഷ്ണപ്രസാദിന് വ്യക്തമായ രാഷ്ട്രീയമുണ്ട്, ജയസൂര്യ അസത്യം പറഞ്ഞത് ബോധപൂർവ്വം'; വിമർശിച്ച് മന്ത്രി പി പ്രസാദ്




കൊച്ചി: ജയസൂര്യയ്ക്കും കൃഷ്ണപ്രസാദിനുമെതിരെ രൂക്ഷമായ വിമർശനവുമായി മന്ത്രി പി പ്രസാദ്.
കൃഷ്ണപ്രസാദിന് വ്യക്തമായ ഒരു രാഷ്ട്രീയമുണ്ടെന്നും നടൻ ജയസൂര്യ അസത്യം പറഞ്ഞത് ബോധപൂർവ്വമാണെന്നും ജയസൂര്യയുടെ വാദങ്ങൾ എല്ലാം പൊളിഞ്ഞു എന്നും മന്ത്രി മാധ്യമങ്ങളോട് വ്യക്തമാക്കി. കഴിഞ്ഞ ദിവസമാണ് മന്ത്രിമാരായ പി പ്രസാദിനെയും പി രാജീവിനെയും വേദിയിലിരുത്തി നടൻ ജയസൂര്യ സർക്കാരിനെ വിമർശിച്ചത്. കർഷകർ അവഗണന നേരിടുകയാണെന്നും അവരുടെ ആവശ്യങ്ങൾ നിറവേറ്റണമെന്നും ജയസൂര്യ വേദിയിൽ ആവശ്യപ്പെട്ടു.
സപ്ലൈക്കോയിൽ നിന്ന് നെല്ലിന്റെ വില കിട്ടാത്തതിനാൽ തിരുവോണ ദിനത്തിൽ പല കർഷകരും ഉപവാസ സമരത്തിലാണ്. പുതിയ തലമുറ കൃഷിയിൽ താൽപ്പര്യം കാണിക്കുന്നില്ലെന്ന് പരാതി പറയുന്നവർ കൃഷിക്കാർക്ക് എന്താണ് ലഭിക്കുന്നതെന്ന് ചിന്തിക്കണമെന്ന് ജയസൂര്യ വിമർശിച്ചു. മന്ത്രി പി രാജീവിൻറെ മണ്ഡലമായ കളമശേരിയിലെ കാർഷികോത്സവത്തിൽ സംസാരിക്കുകയായിരുന്നു ജയസൂര്യ. കർഷക വിഷയത്തിൽ സംസ്ഥാന സർക്കാരിനെതിരെ നടൻ ജയസൂര്യ നടത്തിയ പരാമർശത്തിൽ സമൂഹമാധ്യമങ്ങളിൽ ജയസൂര്യയെ അനുകൂലിച്ചും വിമർശിച്ചും അഭിപ്രായ പ്രകടനങ്ങൾ ഉയർന്നുവന്നിരുന്നു. കേന്ദ്ര സർക്കാരിനെതിരെ രാജ്യത്തെ കർഷകർ സമരം നടത്തിയപ്പോൾ പ്രതികരിക്കാത്ത ജയസൂര്യയുടെ നിലപാട് ഇരട്ടത്താപ്പ് എന്നാണ് വിമർശനം.
നടന്റെ അഭിപ്രായം വസ്തുതാ വിരുദ്ധമെന്നായിരുന്നു കൃഷി മന്ത്രിയും ഭക്ഷ്യ മന്ത്രിയും പ്രതികരിച്ചത്. തനിക്ക് കക്ഷി രാഷ്ട്രീയമില്ല. കർഷക പക്ഷത്താണ് താൻ. ആറു മാസം മുമ്പ് സംഭരിച്ച നെല്ലിൻറെ വില ഇനിയും കർഷകർക്ക് കൊടുക്കാത്തത് അനീതിയല്ലേ എന്നും ജയസൂര്യ ചോദിക്കുന്നു.
കളമശേരിയിലെ വേദിയിൽ താൻ എത്തിയപ്പോഴാണ് കൃഷി മന്ത്രി അവിടെ ഉണ്ടെന്ന കാര്യം അറിഞ്ഞത്. കർഷകരുടെ വിഷയം വേദിയിൽ പറയാതെ നേരിട്ട് പറഞ്ഞാൽ അത് ലക്ഷ്യപ്രാപ്തിയിൽ എത്തില്ല. അതുകൊണ്ടാണ് വേദിയിൽ തന്നെ പറയാൻ തീരുമാനിച്ചതെന്നും ജയസൂര്യ പറഞ്ഞു. ഒരു മലയാള ദിനപത്രത്തിലെ കുറിപ്പിലായിരുന്നു താരത്തിൻറെ വിശദീകരണം.

## ബിജെപിക്ക് എൻഎസ്എസ് പിന്തുണ പ്രഖ്യാപിച്ചെന്ന വാർത്ത തെറ്റ്: സുകുമാരൻ നായർ

കോട്ടയം: പുതുപ്പള്ളി നിയമസഭാ ഉപതിരഞ്ഞെടുപ്പിലും രാഷ്ട്രീയമായി സമദൂര നിലപാടുതന്നെയാണ് എൻ.എസ്.എസിനുള്ളതെന്ന് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ.
എൻ.എസ്.എസ്. ബി.ജെ.പി.ക്ക് പിന്തുണ പ്രഖ്യാപിച്ചു എന്ന വാർത്ത തെറ്റാണെന്നും അദ്ദേഹം പറഞ്ഞു. എൻ.എസ്.എസ്. പുറത്തിറക്കിയ പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്.
'എൻ.എസ്.എസ്. ചരിത്രത്തിലാദ്യമായി സമദൂരസിദ്ധാന്തം ഉപേക്ഷിച്ചെന്നും പുതുപ്പള്ളിയിൽ ബി.ജെ.പി.ക്ക് പിന്തുണ പ്രഖ്യാപിച്ചെന്നും ഒരു ഓൺലൈൻ ചാനലിൽവന്ന വാർത്ത തികച്ചും അടിസ്ഥാനരഹിതമാണ്.
പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പിലും രാഷ്ട്രീയമായി സമദൂര നിലപാടുതന്നെയാണ് എൻ.എസ്.എസ്സിനുള്ളത്. എൻ.എസ്.എസ്. പ്രവർത്തകർക്ക് അവരുടേതായ രാഷ്ട്രീയത്തിൽ വിശ്വസിക്കാനും വോട്ടുചെയ്യാനും അവകാശമുണ്ട്.
അതുകൊണ്ട് എൻ.എസ്.എസ്. ഏതെങ്കിലും രാഷ്ട്രീയ പ്പാർട്ടിക്ക് പിന്തുണ നൽകി എന്നർഥമില്ല', പ്രസ്താവനയിൽ പറയുന്നു.

## തനിക്ക് വോട്ട് ചെയ്യാത്തതിന് രണ്ടു പേരെ വെടിവച്ചു കൊന്നു; മുൻ എം.പി പ്രഭുനാഥ് സിംഗിന് ജീവപര്യന്തം



ഡൽഹി: 1995ലെ ഇരട്ടക്കൊലപാതകക്കേസിൽ ആർജെഡി നേതാവും മുൻ പാർലമെൻറ് അംഗവുമായ പ്രഭുനാഥ് സിങ്ങിനെ വെള്ളിയാഴ്ച സുപ്രിംകോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചു.
മരിച്ച രണ്ട് പേരുടെ കുടുംബത്തിന് 10 ലക്ഷം രൂപ വീതവും പരിക്കേറ്റയാൾക്ക് 5 ലക്ഷം രൂപ വീതവും നൽകണമെന്ന് ബിഹാർ സർക്കാരിനോട് കോടതി നിർദേശിച്ചു.1995 മാർച്ചിൽ സരൺ ജില്ലയിലെ ചപ്രയിൽ നിയമസഭ തെരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് നടക്കുമ്പോഴാണ് സംഭവം.
തനിക്ക് വോട്ട് ചെയ്യാത്തതിനാണ് സിംഗ് ഈ ക്രൂരകൃത്യം ചെയ്തത്. ദരോഗ റായിയുടെയും രാജേന്ദ്ര റായിയുടെയും മരണത്തിനും സ്ത്രീയെ കൊല്ലാൻ ശ്രമിച്ചതിനും മുൻ എം.എൽ.എ കൂടിയായ സിംഗ് കുറ്റക്കാരനാണെന്ന് ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ അധ്യക്ഷനായ ബെഞ്ച് വിധിച്ചിരുന്നു.നമ്മുടെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയിലെ അസാധാരണമായ വേദനാജനകമായ എപ്പിസോഡാണ് സംഭവമെന്ന് കോടതി പറഞ്ഞു.തെളിവുകളുടെ അഭാവത്തിൽ 2008 ഡിസംബറിൽ ഒരു വിചാരണ കോടതി പ്രഭുനാഥ് സിംഗിനെ വെറുതെവിട്ടിരുന്നു. പിന്നീട് പറ്റ്ന ഹൈക്കോടതി 2012–ൽ കുറ്റവിമുക്തനാക്കിയത് ശരിവച്ചു. ഇതിനെതിരെ രാജേന്ദ്ര റായിയുടെ സഹോദരൻ സുപ്രിംകോടതിയെ സമീപിക്കുകയായിരുന്നു.

# കെ.കെ രാമചന്ദ്രന്റെ ജീവചരിത്രം ഉപലോകായുക്ത പ്രകാശനം ചെയ്തതിനെതിരെ ഗവർണർക്ക് പരാതി

തിരുവനന്തപുരം: മുൻ എം.എൽ.എ കെ.കെ രാമചന്ദ്രന്റെ ജീവചരിത്രം ഉപലോകായുക്ത പ്രകാശനം ചെയ്തതിനെതിരെ ഗവർണർക്ക് പരാതി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ദുരുപയോഗം ചെയ്തുവെന്ന കേസിലെ പരാതിക്കാരനായ ശശികുമാർ ആണ് ഉപലോകായുക്തക്കെതിരെ രംഗത്തെത്തിയത്. കേസിൽ പ്രധാനമായും പരാമർശിക്കപ്പെട്ട കെ.കെ രാമചന്ദ്രന്റെ ജിവചരിത്രം പ്രകാശനം ചെയ്തത് ഉപലോകായുക്ത ജസ്റ്റിസ് ബാബു മാത്യു പി തോമസാണ്. ഉപലോകായുക്ത ജസ്റ്റിസ് ഹാറൂൺ അൽ റഷീദ് ഓർമക്കുറിപ്പും എഴുതിയിട്ടുണ്ട്. അതിനാൽ ഇരുവരേയും ദുരിതാശ്വാസ നിധി ദുരുപയോഗ കേസിൽ വാദം കേൾക്കുന്നതിൽനിന്ന് ഒഴിവാക്കണമെന്നാണ് ശശികുമാറിന്റെ ആവശ്യം. ഗവർണർക്ക് നൽകിയ പരാതിക്ക് പുറമെ ലോകായുക്തക്കും പ്രത്യേക പരാതി നൽകുമെന്ന് ശശികുമാർ അറിയിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ പണം വകമാറ്റി ചെലവഴിച്ചെന്ന് ആരോപിച്ചാണ് ആർ.എസ് ശശികുമാർ ലോകായുക്തക്ക് പരാതി നൽകിയത്. എൻ.സി.പി നേതാവായിരുന്ന പരേതനായ ഉഴവൂർ വിജയന്റെ മക്കളുടെ വിദ്യാഭ്യാസ ചെലവുകൾക്ക് 25 ലക്ഷം രൂപയും പരേതനായ ചെങ്ങന്നൂർ എം.എൽ.എ രാമചന്ദ്രൻ നായരുടെ മകന് അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലിക്ക് പുറമെ 8.5 ലക്ഷം രൂപയും ദുരിതാശ്വാസ നിധിയിൽനിന്ന് നൽകിയതിനെയാണ് ഹരജിയിൽ ചോദ്യം ചെയ്യുന്നത്.




ബലാത്സംഗം, തെളിവു നശിപ്പിക്കാനായി കൊല

# ആലുവയിലെ അഞ്ചു വയസ്സുകാരിയുടെ കൊലപാതകത്തിൽ 35–ാം ദിവസം കുറ്റപത്രം



കൊച്ചി: ആലുവയിൽ അഞ്ചു വയസ്സുകാരിയെ ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ പൊലീസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. പ്രതിയായ ബിഹാർ സ്വദേശി അസ്ഫാക് ആലത്തിനെതിരെ പോക്സോ ഉൾപ്പെടെ ഒമ്പതു കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്.

കൊലപാതകം നടന്ന് 35–ാം ദിവമാണ് കുറ്റപത്രം സമർപ്പിക്കുന്നത്. വിശദമായ അന്വേഷണ റിപ്പോർട്ടും ശാസ്ത്രീയ തെളിവുകളും സാക്ഷിമൊഴികളും ഉൾപ്പടുത്തി 800 പേജുള്ള കുറ്റപത്രമാണ് എറണാകുളം പോക്സോ കോടതിയിൽ സമർപ്പിച്ചത്. ലൈംഗിക പീഡനത്തിന് ശേഷം തെളിവു നശിപ്പിക്കുക ലക്ഷ്യമിട്ടാണ് കുട്ടിയെ കൊലപ്പെടുത്തിയതെന്ന് കുറ്റപത്രത്തിൽ പറയുന്നു.

ജൂലൈ 28 നാണ് ബിഹാർ സ്വദേശിയായ അഞ്ചുവയസ്സുകാരി അതിദാരുണമായി കൊല്ലപ്പെടുന്നത്. കുട്ടിയെ കൊലപ്പെടുത്തിയ ശേഷം ആലുവ മാർക്കറ്റിലെ ചവറ്റുകൂനയിൽ തള്ളുകയായിരുന്നു. കേസിൽ അസ്ഫാക് ആലം മാത്രമാണ് പ്രതി. കൊലപാതകം, ബലാത്സംഗം, തെളിവു നശിപ്പിക്കൽ, പോക്സോ വകുപ്പു പ്രകാരമുള്ള കുറ്റങ്ങൾ തുടങ്ങിയവ പ്രതിക്കെതിരെ ചുമത്തിയിട്ടുണ്ട്. കേസിൽ 99 സാക്ഷികളാണുള്ളത്. പ്രതിക്കെതിരെ 62 മെറ്റീരിയൽ എവിഡൻസും ശേഖരിച്ചിട്ടുണ്ട്. പ്രതി അസ്ഫാക് തന്നെയാണ് കുറ്റകൃത്യം ചെയ്തതെന്ന് തെളിയിക്കാനുള്ള തെളിവുകൾ പൊലീസിന്റെ പക്കലുണ്ട്.

ഡിഎൻഎ പരിശോധന അടക്കമുള്ള തെളിവുകളും ശേഖരിച്ചിട്ടുണ്ട്. കേസിന്റെ വിചാരണ 90 ദിവസത്തിനകം പൂർത്തിയാക്കാൻ ആവശ്യപ്പെട്ട് കോടതിയിൽ അപേക്ഷ നൽകുമെന്ന് റൂറൽ എസ്പി വിവേക് കുമാർ വ്യക്തമാക്കി.

## പൊലീസിന്റെ വയർലെസ് സന്ദേശം ചോർത്തിയ കേസ്: ഷാജൻ സ്കറിയ സ്റ്റേഷനിൽ ഹാജരായി

തിരുവനന്തപുരം: പൊലീസിന്റെ വയർലെസ് സന്ദേശങ്ങൾ ചോർത്തി യൂട്യൂബ് വഴി പ്രചരിപ്പിച്ചെന്ന കേസിൽ മറുനാടൻ മലയാളി ഉടമ ഷാജൻ സ്കറിയ ഹാജരായി. തിരുവനന്തപുരം മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷനിലാണ് ഹാജരായത്.ആലുവ പൊലീസും സ്റ്റേഷനിലെത്തി. വയർലസ് ചോർത്തലുമായി ബന്ധപ്പെട്ട് ആലുവ പൊലീസും കേസെടുത്തിരുന്നു. പൊലീസിന്റെ വയർലെസ് സന്ദേശങ്ങൾ ചോർത്തിയെന്നാരോപിച്ച് പി.വി അൻവറാണ് ഡി.ജി.പിക്ക് പരാതി നൽകിയത്. രാജ്യസുരക്ഷയെ ബാധിക്കുന്ന വിഷയമാണെന്ന് ചൂണ്ടിക്കാട്ടി അൻവർ പ്രധാന മന്ത്രിക്കും ഇ-മെയിൽ വഴി പരാതി നൽകിയിരുന്നു. ചോർത്താൻ ഷാജൻ മഹാരാഷ്ട്രയിലെ സംവിധാനങ്ങൾ ഉപയോഗിച്ചെന്നാണ് അൻവറിന്റെ ആരോപണം.

## ഫ്രൈഡ് ചിക്കനും മയോണൈസും കഴിച്ചവർക്ക് ഭക്ഷ്യവിഷബാധ

കൊടുവള്ളി: കോഴിക്കോട് കൊടുവള്ളിയിൽ ഫ്രൈഡ് ചിക്കനും മയോണൈസും കഴിച്ചവർക്ക് ഭക്ഷ്യവിഷബാധ. ബുധനാഴ്ച ഉച്ചയ്ക്ക് യമ്മി ഫ്രൈഡ് ചിക്കൻ എന്ന ഭക്ഷണശാലയിൽനിന്ന് ചിക്കനും മയോണൈസും കഴിച്ച നടക്കാവ് സ്വദേശികളായ ആറുപേരാണ് ഭക്ഷ്യവിഷബാധയെ തുടർന്ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ളത്. ഛർദിയും വയറിളക്കവും അനുഭവപ്പെട്ടതിനെ തുടർന്നാണ് ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പത്തുപേരാണ് ഒരുമിച്ച് ഇവിടെ ഭക്ഷണം കഴിക്കാനെത്തിയത്. ഇതിൽ മയോണൈസ് കഴിച്ച ആറുപേർക്കാണ് അസ്വസ്ഥതകൾ അനുഭവപ്പെട്ടത്. നാലുപേർ മയോണൈസ് കഴിച്ചിരുന്നില്ല. ഇവർക്ക് അസ്വസ്ഥതകൾ ഒന്നും ഉണ്ടായില്ല. പഴകിയ ഭക്ഷണം വിൽക്കുന്നെന്ന പരാതി ഉയർന്നതിനെ തുടർന്ന് ഒരാഴ്ച മുൻപ യമ്മി ചിക്കനിൽ ഭക്ഷ്യസുരക്ഷാ വിഭാഗം പരിശോധന നടത്തിയിരുന്നു. പഴകിയ ഭക്ഷണം പിടിച്ചെടുത്തതിനെ തുടർന്ന് പതിനായിരം രൂപ പിഴ ഈടാക്കുകയും ചെയ്തിരുന്നു.

## മാസം ഒന്നരക്കോടി; ടോൾ വലിയ ബാധ്യത, ഒഴിവാക്കണമെന്ന് കെഎസ്ആർടിസി; ഇളവില്ലെന്ന് കേന്ദ്രം

ദേശീയപാതയിലെ ടോൾ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി. നൽകിയ നിവേദനം കേന്ദ്രം തള്ളി. മാസം ഒന്നരക്കോടി രൂപയാണ് ടോൾനിരക്കായി കെ.എസ്.ആർ.ടി.സി. നൽകുന്നത്. സംസ്ഥാനത്ത് മാത്രമായി ഇത്തരമൊരു ഇളവ് നൽകാനാകില്ലെന്ന് കേന്ദ്ര ഉപരിതലഗതാഗതമന്ത്രാലയം അറിയിച്ചു. മറ്റു സംസ്ഥാനങ്ങളിലെ പൊതുമേഖലാ ട്രാൻസ്പോർട്ടിങ് കോർപ്പറേഷനുകൾ ടോൾ നൽകുന്നുണ്ട്.ടോൾ കുടിശ്ശിക ബാധ്യതയായി മാറിയതിനെത്തുടർന്നാണ് കെ.എസ്.ആർ.ടി.സി. ഇളവുതേടിയത്. ദേശീയപാത 66-ന്റെ നിർമാണം പൂർത്തിയാകുന്നതോടെ ടോൾനിരക്ക് കുത്തനെ ഉയരും. കെ.എസ്.ആർ.ടി.സി. ഏറ്റവുംകൂടുതൽ ഉപയോഗിക്കുന്നത് തിരുവനന്തപുരം-കാസർകോട് പാതയാണ്.റോഡ പകടനിരക്ക് കൂടിയസംസ്ഥാനത്ത് പൊതുഗതാഗതമേഖല ശക്തിപ്പെടുത്തുന്നതോടെ ഇരുചക്രവാഹന ഉപയോഗം കുറയ്ക്കാൻ കഴിയുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. സാമ്പത്തിക പ്രതിസന്ധിയിലുള്ള കെ.എസ്.ആർ.ടി.സിക്ക് ടോൾ നിരക്ക് അധിക ബാധ്യതയാകും. ടോൾ ഒഴിവാക്കിയാൽ കൂടുതൽ ബസുകൾ ഓടിക്കാനാകുമെന്ന് കാണിച്ചാണ് കേന്ദ്രത്തെ സമീപിച്ചത്.

ടോൾ റോഡുകൾ ഉപയോഗിച്ചാലും യാത്രക്കാരിൽനിന്നും അധികനിരക്ക് ഈടാക്കാൻ കഴിയില്ല. പൊതുഗതാഗതസംവിധാനം ഉപയോഗിക്കുന്നവർക്ക് ടോൾനിരക്ക് ബാധ്യതയാകില്ല. സ്വകാര്യവാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടിയാണ് ഈ ക്രമീകരണം.ദേശീയപാതാവികസനം പൂർത്തിയാകുന്നതോടെ നഗരങ്ങളെ ബന്ധിപ്പിച്ച് കൂടുതൽ രാത്രിസർവീസുകൾ ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് കഴിയും. എന്നാൽ ടോൾനിരക്കിലുണ്ടാകുന്ന വർധന കെ.എസ്.ആർ.ടി.സിയെ രക്ഷിക്കാനുള്ള നീക്കങ്ങൾക്ക് തിരിച്ചടിയാകും.

## സിനിമ സീരിയൽ താരം അപർണ നായർ തൂങ്ങിമരിച്ച നിലയിൽ



സിനിമ സീരിയൽ താരം അപർണ നായരെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കരമന തളിയലെ വീട്ടിലാണ് നടിയെ മരിച്ച നിലയിൽ കണ്ടെത്തിയത്.

മൃതദേഹം പിആർഎസ് ആശുപത്രിയിലേക്ക് മാറ്റി. അസ്വാഭാവിക മരണത്തിന് പൊലീസ് കേസെടുത്തു.ഇന്നലെ വൈകിട്ട് ഏഴരയോടെയാണ് ഇവരെ മരിച്ചനിലയിൽ കണ്ടത്. ഉടനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും നേരത്തെ മരണം സംഭവിച്ചിരുന്നു. സംഭവ സമയത്ത് വീട്ടിൽ അമ്മയും സഹോദരിയും ഉണ്ടായിരുന്നു എന്നാണ് വിവരം. മരണത്തിൽ കരമന പൊലീസ് അന്വേഷണം ആരംഭിച്ചു.മേഘതീർഥം, മുദ്ദുഗൗ, അച്ചായൻസ്, കോടതി സമക്ഷം ബാലൻ വക്കീൽ, കൽക്കി തുടങ്ങിയ സിനിമകളിലും ചന്ദനമഴ, ആത്മസഖി, മൈഥിലി വീണ്ടും വരുന്നു, ദേവസ്പർശം, തുടങ്ങിയ സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്. ഭർത്താവ്: സഞ്ജിത്, മക്കൾ: ത്രയ, കൃതിക.

## മുഖത്ത് ബലമായി ചുംബിച്ചു; എറണാകുളത്തെ മുതിർന്ന ഡോക്ടർക്കെതിരെ വനിത ഡോക്ടറുടെ പീഡന പരാതി

കൊച്ചി: എറണാകുളം ജനറൽ ആശുപത്രിയിൽ മുതിർന്ന ഡോക്ടർക്കെതിരെ വനിത ഡോക്ടറുടെ പീഡന പരാതി. വനിത ഡോക്ടറെ ക്ലിനിക്കിലേക്ക് വിളിച്ചു വരുത്തി ബലമായി മുഖത്ത് ചുംബിച്ചുവെന്നാണ് പരാതി.

വനിത ഡോക്ടർ ഫേസ്ബുക്കിലാണ് ദുരനുഭവം പങ്കുവെച്ചത്.ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് മേധാവിക്കും ആശുപത്രി സൂപ്രണ്ടിനും പരാതി നൽകിയിട്ടുണ്ട്. പരാതി പരിശോധിച്ച് പൊലീസിന് കൈമാറുമെന്ന് ആശുപത്രി സൂപ്രണ്ട് പ്രതികരിച്ചു. 2019 ഫെബ്രുവരിയിലാണ് സംഭവം നടന്നത്. ആ സമയത്ത് ഹൗസ്സർജൻസി ഇന്റേൺഷിപ്പ് ചെയ്യുകയായിരുന്നു വനിത ഡോക്ടർ.

അന്ന് വൈകീട്ട് ഏഴുമണിയോടെ വനിത ഡോക്ടറെ തന്റെ ക്വാർട്ടേഴ്സിനു സമീപത്തെ ക്ലിനിക്കിലേക്ക് വിളിച്ചുവരുത്തി ബലമായി ശരീരത്തിൽ സ്പർശിക്കുകയും മുഖത്ത് ചുംബിക്കാൻ ശ്രമിക്കുകയുമായിരുന്നുവെന്നാണ് ഫേസ്ബുക്ക് കുറിപ്പിൽ പറയുന്നത്.

ഇതുസംബന്ധിച്ച് പിറ്റേ ദിവസം തന്നെ ആശുപത്രി അധികൃതർക്ക് പരാതി നൽകിയിരുന്നുവെങ്കിലും കാര്യമായ നടപടിയുണ്ടായില്ല.ഇന്റേൺഷിപ്പുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റ് ലഭിക്കേണ്ടതിനാൽ, ഡോക്ടറുടെ ഇടപെടലുണ്ടാകുമെന്ന് ഭയന്ന് പരാതിയുമായി മുന്നോട്ട് പോയില്ല.

2023ൽ പരാതിയിൽ പറയുന്ന ഡോക്ടർ ജനറൽ ആശുപത്രിയിൽ നിന്ന് ട്രാൻഫറായി പോവുകയും അയാൾക്ക് പ്രമോഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ പോവുന്നു എന്ന സാഹചര്യത്തിലാണ് വീണ്ടും വനിത ഡോക്ടർ ഫേസ്ബുക്ക് പോസ്റ്റുമായി രംഗത്തുവന്നത്. ഇപ്പോൾ ആലുവ ജില്ലാ ആശുപത്രിയിലാണ് പരാതിയിൽ പറയുന്ന മുതിർന്ന ഡോക്ടർ ജോലിചെയ്യുന്നത്.

## ഗുരുദേവജയന്തി ആഘോഷിച്ചു

തലശ്ശേരി :വയലളം ശ്രീനാരായണ ഗുരുവരാലയത്തിൽ നൂറ്റി അറുപത്തി ഒമ്പതാമത് ശ്രീനാരായണ ഗുരുദേവ ജയന്തി ആഘോഷിച്ചു. ഗുരുപൂജക്ക് ശേഷം കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. ചതയ ദിന സാംസ്കാരിക സമ്മേളനത്തിൽ ചലച്ചിത പിന്നണി ഗായകനും സാംസ്കാരിക പ്രവർത്തകനുമായ എം. മുസ്തഫ മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി.

എം.എ. സുധീഷ്, എ. നിധീഷ് കുമാർ, ഡോ. കാസിനോ മുസ്തഫ ഹാജി, എൻ.എം ദിലീഷ് തുടങ്ങിയവർ സാംസ്കാരിക സമ്മേളനത്തിൽ സംബന്ധിച്ചു.. എസ്.എസ് എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ പ്രതിഭകളെയും ആദരിച്ചു. തുടർന്ന് സമൂഹ സദ്യയുമുണ്ടായി.

## ഫുട്ബോൾ കളിച്ച ശേഷം കാൽ കഴുകാനായി കുളത്തിലിറങ്ങിയ വിദ്യാർഥി മുങ്ങി മരിച്ചു



കോഴിക്കോട്: ഫുട്ബോൾ കളിച്ച ശേഷം കാൽ കഴുകാനായി കുളത്തിലിറങ്ങിയ വിദ്യാർഥിക്ക് ദാരുണാന്ത്യം. കുളങ്ങരപ്പീടിക കച്ചേരിക്കുന്ന് റോഡ് മാനഞ്ചേരിത്താഴം കുണ്ടുങ്ങൽ സ്വദേശി പി.പി. അബ്ദുൽലത്തീഫിന്റെ മകൻ സ്വദേശി അമൽ ഫിനാൻ (17) ആണ് മരിച്ചത്.

വ്യാഴാഴ്ച വൈകിട്ടോടെയാണ് സംഭവം. കോഴിക്കോട് തിരുവണ്ണൂർ ചിറയിൽ കാൽ കഴുകാനിറങ്ങിയതായിരുന്നു അമൽ. അപകടം നടന്നയുടനെ നാട്ടുകാർ മീഞ്ചന്ത ഫയർഫോഴ്സിനെ വിവരമറിയിച്ചു.ഫയർഫോഴ്സെത്തി അമലിനെ കുളത്തിൽ നിന്ന് പുറത്തെടുത്ത് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും രാത്രിയോടെ മരണപ്പെടുകയായിരുന്നു. മാനാഞ്ചിറ മോഡൽ ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിയായിരുന്നു.
മാതാവ്: പൂതം വീട്ടിൽ വഹീദ. സഹോദരങ്ങൾ: ഷാഹിദ് മുനീർ, ആമിന ഷംന, അമിത. കബറടക്കം പോസ്റ്റ്മോർട്ടം നടപടികൾക്കുശേഷം വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം കണ്ണംപറമ്പ് ഖബർസ്ഥാനിൽ.

# വയറ്റിൽ കത്രിക കുടുങ്ങിയ സംഭവം: ഡോക്ടർമാരെ പ്രതിചേർത്ത് പൊലീസിന്റെ റിപ്പോർട്ട്



കോഴിക്കോട്: ശസ്ത്രക്രിയക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ പൊലീസ് കോടതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. രണ്ട് ഡോക്ടർമാരെയും രണ്ട് നഴ്സുമാരെയും പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയാണ് പൊലീസ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. ഡോക്ടർമാരായ രമേശൻ സി.കെ, ഹസ്ന നഴ്സുമാരായ രഹ്ന എം, മഞ്ജു കെ.വി എന്നിവരെ പ്രതി ചേർത്തുള്ള റിപ്പോർട്ടാണ് പൊലീസ് സമർപ്പിച്ചിട്ടുള്ളത്.പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഡോ. രമേശൻ നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിലും ഡോ. ഹസ്ന കോട്ടയം മാതാ ആശുപത്രിയിലുമാണ് ജോലി ചെയ്യുന്നത്. പ്രതിപ്പട്ടികയിൽ ഉൾപ്പെട്ട രണ്ട് നഴ്സുമാരും കോഴിക്കോട് മെഡിക്കൽ കോളേജിലാണ് നിലവിൽ ജോലി ചെയ്യുന്നത്. കുന്ദമംഗലം കോടതിയിലാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്.പ്രതിപ്പട്ടികയിൽ ഉൾപ്പെട്ട നാല് പേർക്കും വൈകാതെ തന്നെ നോട്ടീസ് നൽകി ചോദ്യം ചെയ്യലിന് വിളിപ്പിക്കും. കോഴിക്കോട് മെഡിക്കൽ കോളേജ് എ.സി.പി കെ .സുദർശന്റെ നേതൃത്വത്തിലായിക്കും ചോദ്യം ചെയ്യുക. പട്ടികയിൽ ഉൾപ്പെട്ട മൂന്ന് പേർ ഇപ്പോൾ സർക്കാർ ജീവനക്കാരനായതിനാൽ ചോദ്യം ചെയ്യലിനും അറസ്റ്റിനും പ്രത്യേക അനുമതി വാങ്ങേണ്ടി വരും. കോഴിക്കോട് മെഡിക്കൽ കോളേജിൽ വെച്ച് ശസ്ത്രകിയ നടക്കുമ്പോൾ ലേബർ റൂം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവരാണ് പ്രതിപ്പട്ടികയിൽ ഉൾപ്പെട്ട നാല് പേരും. 2017 നവംബർ 30നാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ വെച്ച് ഹർഷിനക്ക് മൂന്നാമത് ശസ്ത്രക്രിയ നടക്കുന്നത്. നേരത്തെ പൊലീസിന്റെ പ്രാഥമിക റിപ്പോർട്ട് മെഡിക്കൽ ബോർഡ് തള്ളിയിരുന്നു.

# ഓണം ടാങ്കി കഥ"കൾ പുതിയ ക്യാംപയിനുമായി മോണ്ടലസ്

കോഴിക്കോട്: മധുരിക്കുന്ന നിമിഷങ്ങൾ സമ്മാനിക്കുന്ന മോണ്ടലസ് ഇന്ത്യ ലഘു പാനീയം ടാങ്ക് പുതിയ പ്രചാരണത്തിന് തുടക്കം കുറിച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് കാത്തു സൂക്ഷിക്കുന്ന ഓർമ്മകൾ അടിസ്ഥാനമാക്കി സെപ്തംബർ അഞ്ചു വരെയുള്ള ക്യാംപയിനിനാണ് തുടക്കം കുറിച്ചിരിക്കുന്നത്.

കുട്ടിക്കാലത്തെ ഓണവുമായി ബന്ധപ്പെട്ട അനുഭവങ്ങളുടെ സ്മരണകൾ അയവിറക്കുവാനുള്ളതാണ് ഈ പ്രചാരണം. ഉത്സവ വിർച്ച്വൽ കഥാപുസ്തകമായ "ഓണം ടാങ്കി കഥകൾ" ആണ് ഈ പ്രചാരണത്തിന്റെ മുഖ്യ ഭാഗം. പ്രമുഖ ഇല്ലസ്ട്രേറ്റർമാരായ അലീസിയ സൗസ, ആരോഷ് തേവാടത്തിൽ, പെൻസിലാശാൻ തുടങ്ങിയവരുടെ വരകളാണ് പുസ്തകത്തിന് മിഴിവേകുന്നത്.

കുട്ടികൾക്കായി ബ്രാൻഡ് സാമൂഹിക, ഡിജിറ്റൽ മാധ്യമ ചാനലുകളേയും ക്യാപയിനിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

# സി.എസ്.ഐ മലബാർ മഹായിടവക യുവജന സമ്മേളനം 2023

കോഴിക്കോട് : സി.എസ്.ഐ മലബാർ മഹായിടവക ആറാമത് യുവജന സമ്മേളനം സി.എസ്.ഐ കത്തീഡ്രൽ വച്ചു നടത്തപെട്ടു. മഹായിടവക ബിഷപ്പ് റൈറ്റ്. റവ. ഡോ. റോയ്സ് മനോജ് വിക്ടർ ഉദ്ഘാടനം നിർവഹിച്ചു.

കോഴിക്കോട് എം.എൽ.എ. തോട്ടത്തിൽ രവീന്ദ്രൻ മുഖ്യാതിഥി ആയിരുന്നു. തുടർന്നുള്ള ക്ലാസുകൾക്ക് മേയർ ഡോ. ബീന ഫിലിപ്പ്, റവ. ഡോ. ഭാനു സാമുവൽ ( കെയുടി സെമിനാരി ), നേഹ ചെമ്പകശ്ശേരി (സംസ്ഥാന ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ് മെമ്പർ), എം.എ ഷഹനാസ് ( മാക്ബെത്ത് പബ്ലിഷേഴ്സ് ) എന്നിവർ നേതൃത്വം നൽകി.

റവ. സി.കെ ഷൈൻ ( മഹായിടവക ട്രഷറർ), റവ. ജേക്കബ് ഡാനിയേൽ (മഹായിടവക ക്ലർജി സെക്രട്ടറി), യുവജന ജനറൽ സെക്രട്ടറി റവ.റോബിൻ ലോറൻസ്, യുവജന പ്രവർത്തകൻ റവ. ഡീക്കൻ. ബിബിൻ മാത്യു, ബിന്ദു റോയ്സ് ( പ്രസിഡന്റ്. സ്ത്രീജന സഖ്യം ), റവ.പി.റ്റി ജോർജ് ( കോഴിക്കോട് സി.എസ് ഐ കത്തീഡ്രൽ), റവ. ജിജോ ആൽബർട്ട് (കോഴിക്കോട് ഏരിയ യുവജന സഖ്യ പ്രസിഡന്റ് ), നീൽ റജിനോൾഡ് (ഏരിയ സെക്രട്ടറി) എന്നിവർ യുവജന സമ്മേളനത്തിന് നേതൃത്വം നൽകി.

കോഴിക്കോട്, കണ്ണൂർ, മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ നിന്നായി 400 യുവജനങ്ങളും മഹായിടവകയിലെ വിവിധ തലങ്ങളിൽ ഉള്ളവരും പങ്കെടുത്തു.

# പൂജാരിമാരായി എൽ.ഡി.എഫിനും യു.ഡി.എഫിനും വേണ്ടത് ബ്രാഹ്മണരെ; ഗുരു ആഗ്രഹിച്ചത് ക്ഷേത്രത്തിൽ കയറാനല്ല, ഭരിക്കാനാണ്: സ്വാമി സച്ചിദാനന്ദ

തിരുവനന്തപുരം: പ്രധാന ക്ഷേത്രത്തിലെ പൂജാരിമാരുടെ നിയമനത്തിൽ എൽ.ഡി.എഫും യു.ഡി.എഫും ഒരേ സമീപനം സ്വീകരിക്കുന്നുവെന്ന് ശ്രീനാരായണ ധർമ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ. പ്രധാന ക്ഷേത്രങ്ങളിലെ പൗരോഹിത്യവുമായി ബന്ധപ്പെട്ട് ബ്രാഹ്മണ മേധാവിത്വം ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.ക്ഷേത്ര പൂജാരിമാരാകാൻ ബ്രാഹ്മണർ മതിയെന്ന സർക്കുലറാണ് ഇരു സർക്കാരുകളും പുറപ്പെടുവിക്കുന്നതെന്നും സെക്രട്ടറിയേറ്റ് തമ്പുരാൻ കോട്ടയായി തുടരുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.ശിവഗിരിയിൽ ശ്രീനാരായാണ ഗുരു ജയന്തി ആഘോഷത്തിന്റെ ഉദ്ഘാടന ചടങ്ങിനിടെയായിരുന്നു അദ്ദേഹം ഇക്കാര്യം പറഞ്ഞത്. മന്ത്രി മുഹമ്മദ് റിയാസ്, വർക്കല എം.എൽ.എ എ.വി. ജോയ് എന്നിവർ വേദിയിലിരിക്കവെയായിരുന്നു അദ്ദേഹത്തിന്റെ വിമർശനം.ശ്രീനാരായണ ഗുരു ഇച്ഛിച്ചതും മോഹിച്ചതും ക്ഷേത്രത്തിൽ പോയി പ്രാർത്ഥിക്കാനുള്ള അവകാശമായിരുന്നില്ലെന്നും ക്ഷേത്രത്തിനകത്ത് കയറി പൂജ നടത്താനും ക്ഷേത്ര ഭരണത്തിനുള്ള അധികാരം നേടിയെടുക്കലായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ആ അധികാരം ഇവിടെയുള്ള സമസ്ത ജനങ്ങൾക്കും ലഭിക്കേണ്ടതാണെന്നും എന്നാൽ ഇവിടെ അത്തരത്തിൽ സംഭവിക്കുന്നുണ്ടോ എന്നും സ്വാമി സച്ചിദാനന്ദ ചോദിച്ചു.ശബരിമല, ചോറ്റാനിക്കര, ഗുരുവായൂർ, വൈക്കം പോലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ശാന്തിക്കാരെ നിയമിക്കുമ്പോൾ അപേക്ഷകർ ബ്രാഹ്മണൻമാരായിരിക്കണമെന്ന് എൽ.ഡി.എഫും യു.ഡി.എഫും സർക്കുലർ പുറപ്പെടുവിക്കുന്നുണ്ടെന്നും നിത്യ ചൈതന്യ യതി പറഞ്ഞതുപോലെ സെക്രട്ടറിയേറ്റ് തമ്പുരാൻ കോട്ടയായി തുടരുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.ഗുരു രചിച്ച ദൈവദശകം കേരളത്തിന്റെ ഔദ്യോഗിക പ്രാർത്ഥന ഗാനമാക്കണമെന്ന് പല തവണ ആവശ്യപ്പെട്ടിട്ടും അതിൽ ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ലെന്നും ശ്രീനാരായണ ധർമ സംഘം ട്രസ്റ്റ് പ്രസിഡന്റ് പറഞ്ഞു.സ്വാമി സച്ചിദാനന്ദയുടെ വിമർശനങ്ങൾക്കൊന്നും അധ്യക്ഷ പ്രസംഗത്തിൽ മന്ത്രി മുഹമ്മദ് റിയാസ് മറുപടി നൽകിയിരുന്നില്ല.എന്നാൽ ആശംസാ പ്രസംഗത്തിൽ സ്വാമി സച്ചിദാന്ദയുടെ അഭിപ്രായം ശരിയാണെന്ന് സി.പി.ഐ.എം ജില്ലാ സെക്രട്ടറി കൂടിയായ വർക്കല എം.എൽ.എ എ.വി. ജോയ് പറഞ്ഞു. പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ പൂജ നടത്താനും ഭരിക്കാനും എല്ലാ വിഭാഗം ജനങ്ങൾക്കും സാധിക്കാത്ത അവസ്ഥയുണ്ടെന്നും എന്നാൽ വരും കാലങ്ങളിൽ അതിന് മാറ്റം ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.'ചില പ്രധാന ക്ഷേത്രങ്ങളിൽ പൂജ നടത്താനും ഭരിക്കാനും സാധിക്കുന്നില്ല. വരും നാളുകളിൽ അതിനുള്ള പോരാട്ടം നയിക്കേണ്ടതുണ്ട്. പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ പൂജാരിമാരായ പിന്നാക്കക്കാർ ഇല്ല എന്നത് വസ്തുതയാണ്. പിന്നാക്കക്കാരെ പൂജാരിമാരാക്കാൻ പോരാട്ടം നടത്തണം.45 പട്ടികജാതി പൂജാരിമാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലുണ്ട്. പട്ടികജാതിക്കാരെ അമ്പലങ്ങളിൽ പൂജാരിമാരായി നിയമിച്ചത് ഓർക്കണം. ചില പ്രതിസന്ധികളുണ്ടായിട്ടും അവരെ പൂജാരിമാരായി നിയമിക്കുകയായിരുന്നു,' അദ്ദേഹം കൂട്ടിച്ചേർത്തു.

## എസ്.ഡി.പി.ഐയ്ക്ക് പുതിയ യുവജന സംഘടന; മുൻ പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് അംഗത്വം

കോഴിക്കോട്: എസ്.ഡി.പി.ഐയ്ക്ക് പുതിയ യുവജന സംഘടന വരുന്നു. നിരോധിക്കപ്പെട്ട പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ (പി.എഫ്.ഐ) യുടെ പ്രവർത്തകർക്ക് പുതിയ സംഘടനയിൽ അംഗത്വം നൽകും.

എസ്.ഡി.പി.ഐ ദേശീയ നേതൃത്വമാണ് ഇക്കാര്യത്തിൽ തീരുമാനം എടുത്തത്.
പിഎഫ്ഐയുടെ രാഷ്ട്രീയ സംഘടനയാണ് എസ്.ഡി.പി.ഐ. ഇതിനു കീഴിൽ നിലവിൽ വുമൺ ഇന്ത്യ മൂവ്മന്റ് (ഡബ്ല്യു. ഐ. എം) എന്ന വനിതാ സംഘടനയും സോഷ്യൽ ഡെമോക്രാറ്റിക് ട്രേഡ് യൂണിയൻ (എസ്.ഡി.ടി.യു) എന്ന തൊഴിലാളി സംഘടനയുമാണ് ഉള്ളത്.

ഇതിനു പുറമേ പുതിയ യുവജന സംഘടന രൂപവത്കരിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.പി.എഫ്.ഐയുടെ പഴയ പ്രവർത്തകർക്ക് പുതിയ സംഘടനയിൽ അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പി.എഫ്.ഐ നേതാക്കളെ പുതിയ സംഘടനയുടെ നേതൃനിരയിലേക്ക് തൽക്കാലം കൊണ്ടുവരേണ്ട എന്നാണ് തീരുമാനം.
പുതിയ സംഘടന പോപ്പുലർ ഫ്രണ്ടിന് പകരമല്ല എന്ന് എസ്.ഡി.പി.ഐ സംസ്ഥാന പ്രസിഡന്റ് അഷ്റഫ് മൗലവി പറഞ്ഞു.

യുവജന സംഘടന രൂപവത്കരിക്കുന്നത് സംബന്ധിച്ച് പഠിക്കാനും സാധ്യതകൾ അവലോകനം ചെയ്യാനും തീരുമാനം ഉണ്ടായിട്ടുണ്ടെന്നും അഷ്റഫ് മൗലവി വ്യക്തമാക്കി. നേരത്തെ തന്നെ ഇക്കാര്യത്തിൽ തീരുമാനം ഉണ്ടായിരുന്നതാണെന്നും അദ്ദേഹം പറയുന്നു.

# കാപ്പ ചുമത്തിയ കുറ്റവാളിയിൽ നിന്നും വധഭീഷണി നേരിടുന്നു: പരാതിയുമായി യുവതി

കോഴിക്കോട്: കാപ്പ ചുമത്തി നാടുകടത്തപ്പെട്ട കുറ്റവാളിയിൽ നിന്നും വധഭീഷണി നേരിടുന്നു എന്ന പരാതിയുമായി യുവതി.

നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ വെംബ്ലി സലീമിനെതിരെയാണ് കോഴിക്കോട് ഒളവണ്ണ സ്വദേശിയായ യുവതിയാണ് പരാതി നൽകിയത്. വീടുകയറിയും ബസിൽ വെച്ചും തന്നെ ആക്രമിക്കാൻ ശ്രമിച്ചിട്ടും പൊലീസ് നടപടി സ്വീകരിച്ചിട്ടില്ലെന്ന് യുവതി ആരോപിക്കുന്നു.

2016 മുതൽ വെംബ്ലി സലീമിനെ പരിചയമുണ്ടെന്നും യുവതി പറയുന്നു. 'ഇയാളുടെ വലയിൽ താൻ അറിയാതെ പെടുകയായിരുന്നു. ഓണത്തിന് കച്ചവടം ചെയ്യാൻ കുറച്ച് വസ്ത്രങ്ങൾ വാങ്ങാമെന്ന് പറഞ്ഞ് കോയമ്പത്തൂരിലേക്ക് കൊണ്ടുപോയി. തിരിച്ചു വരുന്ന സമയത്ത് ഒരു ബാഗ് കൈയിൽ തന്നു'. ഫറോക്ക് റെയിൽവെ സ്റ്റേഷനിൽ വെച്ച് എക്സൈസ് പിടിച്ചപ്പോഴാണ് ബാഗിൽ മയക്കുമരുന്നാണെന്ന് അറിയുന്നതെന്നും യുവതി പറയുന്നു. അന്ന് വെംബ്ലി സലീം ഓടി രക്ഷപ്പെട്ടു. ഈ കേസിൽ യുവതി ശിക്ഷിക്കപ്പെടുകയും ചെയ്തു. സംഭവത്തിൽ താൻ നിരപരാധിയാണെന്നും ഇത് സംബന്ധിച്ച് വനിതാ കമ്മീഷനടക്കം പരാതി നൽകിയെങ്കിലും നീതി ലഭിച്ചിട്ടില്ല. സുഹൃത്തിന്റെ മകനെ തട്ടിക്കൊണ്ടുപോയെന്നും സഹോദരിയുടെ മക്കളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നതായും യുവതി പറയുന്നു.

# ആറ്റിങ്ങലിൽ മൂന്നര വയസ്സുള്ള കുഞ്ഞുമായി യുവതി കിണറ്റിൽ ചാടി; കുട്ടി മരിച്ചു

തിരുവനന്തപുരം: മൂന്നര വയസ്സുള്ള കുഞ്ഞുമായി അമ്മ കിണറ്റിൽ ചാടി.

കുട്ടി മരിച്ചു. ആറ്റിങ്ങൽ മാമം കുന്നുംപുറത്ത് രേവതിയിൽ രമ്യ (30) ആണ് മകൻ അഭിദേവുമായി കിണറ്റിൽ ചാടിയത്. വെള്ളിയാഴ്ച രാവിലെ 10 മണിയോടെയാണ് സംഭവം. ഇവർ താമസിക്കുന്ന വാടക വീട്ടിലെ 50 അടിയോളം താഴ്ചയുള്ള കിണറ്റിലാണ് യുവതി കുട്ടിയുമായി ചാടിയത്.

നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് ഫയർഫോഴ്സ് എത്തി രണ്ടുപേരെയും പുറത്തെടുത്ത് വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. ആശുപത്രിയിൽ എത്തുമ്പോഴേക്ക് അഭിദേവ് മരിച്ചിരുന്നു. തലയ്ക്ക് ഗുരുതര പരിക്കുകളോടെ രമ്യയെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. ഭർത്താവ് രാജേഷിനെ ആറ്റിങ്ങൽ പോലീസ് ചോദ്യംചെയ്തു.

# 'മോദിയുമായുള്ള അദാനിയുടെ കൂട്ടുക്കച്ചവട ബന്ധം, സുപ്രീം കോടതി ഇടപെടലിൽ അന്വേഷണം വേണം'

കോഴിക്കോട്: ഓഹരി വിപണിയിൽ അദാനി ഗ്രൂപ്പിന്റെ തട്ടിപ്പ് രാജ്യത്തെ ആകെ ബാധിക്കുകയാണെന്ന് സി.പി.ഐ.എം പോളിറ്റ് ബ്യൂറോ അംഗം എം.എ. ബേബി. പുതിയ തെളിവുകൾ ഗൗരവകരമായ അന്വേഷണം അനിവാര്യമാക്കുന്നുണ്ടെന്നും ഫേസ്ബുക്കിൽ എഴുതിയ കുറിപ്പിൽ അദ്ദേഹം പറഞ്ഞു. കേന്ദ്ര ഭരണാധികാരം ദുരുപയോഗിച്ച് മറച്ചുവെക്കൽ ഉണ്ടാവില്ലെന്ന് ഉറപ്പാക്കാൻ സുപ്രീം കോടതി സൂക്ഷ്മമായി കേസിൽ ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.'അദാനി ഗ്രൂപ്പിന്റെ കമ്പനികളുടെ ഓഹരിവിലയിൽ കൃത്രിമം കാണിച്ച് അവയുടെ മൂല്യവും ആസ്തിയും വർധിപ്പിച്ചതിന് ഇന്ന് പുതിയ തെളിവുകൾ പുറത്തുവന്നു. ലണ്ടനിലെ ഫിനാൻഷ്യൽ ടൈംസും ദി ഗാർഡിയനും, ഓർഗനൈസ്ഡ് ക്രൈം ആൻഡ് കറപ്ഷൻ റിപ്പോർട്ടിങ് പ്രോജക്റ്റിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് ഇക്കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.വിനോദ് അദാനിയുടെ രണ്ട് അടുത്ത കൂട്ടാളികൾ ബെർമുഡയിലെ നിക്ഷേപ ഫണ്ട് ഉപയോഗിച്ച് അദാനിയുടെ ദശലക്ഷക്കണക്കിന് ഡോളർ ഓഹരികൾ വാങ്ങാൻ ഷെൽ കമ്പനികൾ സ്ഥാപിച്ചത് എങ്ങനെയെന്ന് അവർ വെളിപ്പെടുത്തി.

2014ൽ അദാനി കമ്പനികളുടെ വിദേശ ഫണ്ടിംഗ് സംബന്ധിച്ച കാര്യം സെബി പരിശോധിച്ചുവെങ്കിലും പിന്നീട് അന്വേഷണം അവസാനിപ്പിച്ചതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.ഓഹരി വിപണിയിലെ വ്യാപകമായ തട്ടിപ്പിനും നഗ്നമായകൃത്രിമത്വത്തിനും എതിരെ , റെഗുലേറ്ററി അധികാരികൾ ഒരു നടപടിയും സ്വീകരിക്കുകയില്ലെന്ന് പ്രധാനമന്ത്രി മോദിയുമായുള്ള അദാനിയുടെ കൂട്ടുകച്ചവട ബന്ധം ഇതുവരെ ഉറപ്പാക്കിയിട്ടുമുണ്ട്,' എം.എ. ബേബി പറഞ്ഞു.ഗൗതം അദാനിയുടെ കുടുംബവുമായി ബന്ധമുള്ളവർ മൗറീഷ്യസിലുള്ള ചില വ്യാജ കമ്പനികൾ വഴി അദാനി ഗ്രൂപ്പിന്റെ വിവിധ കമ്പനിയിൽ രഹസ്യ നിക്ഷേപം നടത്തിയെന്ന റിപ്പോർട്ട് ഇന്നായിരുന്നു പുറത്ത് വന്നത്. ഓർഗനൈസ്ഡ് ക്രൈം ആൻഡ് കറപ്ഷൻ റിപ്പോർട്ടിങ് പ്രൊജക്ട് (ഒ.സി.സി.ആർ.പി) ആണ് അദാനി ഗ്രൂപ്പിനെതിരായ റിപ്പോർട്ട് പുറത്ത് വിട്ടത്. രഹസ്യ നിക്ഷേപം നടത്തിയതിൽ ഗൗതം അദാനിയുടെ മൂത്ത സഹോദരൻ വിനോദ് അദാനിയുടെ പങ്കും റിപ്പോർട്ടിൽ കാണിക്കുന്നുണ്ട്. 2013 മുതൽ 2018 വരെയുള്ള കാലയളവിലാണ് ഇത്തരത്തിൽ നിക്ഷേപം നടന്നതെന്നാണ് റിപ്പോർട്ട്.

പുതിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ അദാനിക്കെതിരായ ആരോപണങ്ങളിൽ സംയുക്ത പാർലമെന്ററി സമിതി അന്വേഷണം വേണമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും ആവശ്യപ്പെട്ടു.ജി 20 യോഗം നടക്കാനിരിക്കെ അദാനി ഗ്രൂപ്പിനെതിരായ റിപ്പോർട്ട് രാജ്യത്തിന്റെ പ്രതിച്ഛായ തകർത്തെന്ന് രാഹുൽ വിമർശിച്ചു. മോദിയും അദാനിയും തമ്മിലുള്ള ബന്ധമാണ് റിപ്പോർട്ട് വ്യക്തമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# അദാനിക്കെതിരായ വെളിപ്പെടുത്തലിൽ എന്താണ് മോദിക്ക് മൗനം?.. രൂക്ഷ വിമർശനവുമായി രാഹുൽ ഗാന്ധി



ന്യൂഡൽഹി: അദാനി ഗ്രൂപ്പിനെതിരെ ഓർഗനൈസ്ഡ് ക്രൈം ആൻഡ് കറപ്ഷൻ റിപ്പോർട്ടിങ് പ്രൊജക്റ്റിന്റെ ആരോപണങ്ങൾ ഉയർന്നതോടെ കേന്ദ്രത്തിനും പ്രധാനമന്ത്രിക്കും എതിരെ രൂക്ഷ വിമർശനവുമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.

അദാനി ഗ്രൂപ്പിനെതിരായ കണ്ടെത്തൽ ഇന്ത്യയുടെ പ്രതിച്ഛായ നശിപ്പിച്ചു. സംഭവത്തിൽ ജെ.പി.സി (ജോയിന്റ് പാർലിമെന്റ് കമ്മറ്റി) അന്വേഷണം ഉടൻ പ്രഖ്യാപിക്കണമെന്നും രാഹുൽ ഗാന്ധി പറഞ്ഞു. അദാനിക്കെതിരായ ഓ.സി.സി.ആർ.പി കണ്ടെത്തലുകൾ അക്കമിട്ടു നിരത്തിയും അത് പ്രസിദ്ധീകരിച്ചത് പത്രവാർത്തകൾ ഉയർത്തി കാട്ടിയുമാണ് രാഹുൽ ഗാന്ധി കേന്ദ്രസർക്കാരിനെതിരേ ആഞ്ഞടിച്ചത്.

ജി 20 യോഗത്തിനെത്തുന്ന നേതാക്കൾ ചോദ്യങ്ങൾ ഉന്നയിക്കും. എന്ത് കൊണ്ടാണ് അദാനിക്ക് മാത്രം ഈ സംരക്ഷണം എന്ന ചോദ്യം ഉയരും. വിനോദ് അദാനിയുടെ പങ്കാളി ചൈനീസ് പൗരനാണ്. ഇന്ത്യയുടെ താൽപര്യം ആണ് പ്രധാനമെന്ന് പറയുമ്പോൾ ചൈനക്കാരന്റെ പങ്ക് എന്താണ്?.അദാനിക്ക് ക്ലീൻ ചിറ്റ് നൽകിയ സെബി ചെയർമാനെ എൻഡിടിവിയിൽ നിയമിച്ചു. അദാനിക്കെതിരെ അന്വേഷണം നടത്തിയ ആൾ ഇന്ന് അദാനിയുടെ തൊഴിലാളിയാണ്. ഒരു അന്വേഷണവും നടന്നില്ലെന്ന് വേണം മനസിലാക്കാൻ.

പ്രധാനമന്ത്രിയുടെ അദാനി ബന്ധമാണ് അന്താരാഷ്ട്ര തലത്തിലടക്കം ചർച്ചയാവുന്നത്. പ്രധാനമന്ത്രി പദത്തിന് പോലും നാണക്കേടുണ്ടാക്കി ഒരാൾക്ക് മാത്രം എങ്ങനെയാണ് വൻകിട കരാറുകൾ ലഭിക്കുന്നത് ? രാജ്യത്തിന്റെ സ്വത്തുക്കൾ ഒരാളിൽ മാത്രം എങ്ങനെയാണ് സ്വന്തമാവുന്നത്? ഓഹരി വില കൂട്ടാൻ എങ്ങനെയാണ് ഇത്രയും കോടി പണം അദാനിക്ക് കിട്ടിയത്'രാഹുൽ ഗാന്ധി ചോദിച്ചു.

സ്വന്തം കമ്പനികളിൽ രഹസ്യമായി അദാനി തന്നെ നിക്ഷേപം നടത്തിയെന്നാണ് ഒസിസിആർപി പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നത്. നിഴൽ കമ്പനികൾ വഴി വിദേശത്തേക്ക് പണമൊഴുക്കിയെന്നും ഇന്ത്യൻ സ്റ്റോക്ക് മാർക്കറ്റിൽ വലിയ തട്ടിപ്പ് നടത്തിയെന്നും റിപ്പോർട്ടിൽ ആരോപിക്കുന്നു. ആരോപണങ്ങൾ അദാനി ഗ്രൂപ്പ് നിഷേധിച്ചിട്ടുണ്ട്. ഇന്ത്യക്കെതിരായ കരുതിക്കൂട്ടിയുള്ള ആക്രമണമാണ് തങ്ങൾക്കെതിരായ ആരോപണമെന്നും ഗ്രൂപ്പ് പ്രതികരിച്ചു. ഇന്ത്യയിലെ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കാനാണ് ശ്രമമെന്നും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗാർഡിയൻ അടക്കമുള്ള അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ഉദ്ധരിച്ച് വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹിൻഡൻബർഗ് റിപ്പോർട്ടിന് പിന്നാലെയാണ് അദാനിക്ക് കുരുക്കായി പുതിയ കണ്ടെത്തലുകൾ പുറത്തുവന്നിരിക്കുന്നത്. വിവിധ രാജ്യങ്ങളിൽ ശാഖകളുള്ള ഓർഗനൈസ്ഡ് ക്രൈം ആന്റ് കറപ്ഷൻ റിപ്പോർട്ടിങ് പ്രൊജക്ട് എന്ന കൂട്ടായ്മയാണ് പുതിയ തെളിവുകൾ പുറത്തുവിട്ടത്. അദാനിയുടെ കുടുംബവുമായി ബന്ധമുള്ള രണ്ടുപേർ വഴി വിദേശത്തെ നിഴൽ കമ്പനികളിലൂടെ അദാനിയുടെ കമ്പനികളിൽ തന്നെ തിരിച്ച് നിക്ഷേപം നടത്തിയെന്നാണ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തൽ.

പാർലമെന്റിന്റെ പ്രത്യേക സമ്മേളനം

# 'വിദേശയാത്രകൾ റദ്ദാക്കണം, ഡൽഹിയിൽ തുടരണം'; ഉന്നത ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി കേന്ദ്രം

ഡൽഹി: ഈ മാസം 18 ന് ആരംഭിക്കുന്ന പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ വിദേശ യാത്രകൾ റദ്ദാക്കാൻ ഉന്നത സർക്കാർ ഉദ്യോഗസ്ഥർക്ക് കേന്ദ്ര സർക്കാർ നിർദേശം നൽകി. സമ്മേളനം നടക്കുന്ന അഞ്ച് ദിവസവും ഡൽഹിയിൽ തുടരണം എന്നാണ് ഉദ്യോഗസ്ഥരോട് നിർദേശിച്ചിരിക്കുന്നത്.



പ്രത്യേക സമ്മേളനത്തിന്റെ അജണ്ട ഇതുവരെ സർക്കാർ പുറത്തുവിട്ടിട്ടില്ല. നിയമനിർമാണങ്ങൾ മുതൽ പ്രഖ്യാപനങ്ങൾ വരെ പലവിധ സാധ്യതകളാണ് സമ്മേളത്തിന്റെ അജണ്ടയായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പ് നേരത്തെ നടത്തുന്നതിനുള്ള നീക്കം കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായേക്കുമെന്നതാണ് ചൂണ്ടിക്കാണിക്കപ്പെടുന്ന സാധ്യതകളിൽ പ്രധാനപ്പെട്ടത്. എന്നാൽ വിഷയം ബി.ജെ.പി പാർലമെന്ററി ബോർഡ് ചർച്ച ചെയ്തിട്ടില്ലെന്നാണ് ബി.ജെ.പി വൃത്തങ്ങളിൽ നിന്നറിയുന്നത്. അതേസമയം, വനിതാ സംവരണബില്ല് നടപ്പാക്കാൻ പാർട്ടി തയ്യാറെന്നും സൂചനയുണ്ട്. അമൃത്കാലിൽ നടക്കുന്ന സമ്മേളനത്തിൽ അർഥപൂർണമായ ചർച്ചകൾ നടക്കട്ടെയെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് മന്ത്രി പ്രഹ്ളാദ് ജോഷി പ്രത്യേക സമ്മേളനത്തിയതി എക്സ് പ്ലാറ്റ്ഫോമിൽ പോസ്റ്റ് ചെയ്തത്.

പഴയ പാർലമെന്റ് മന്ദിരത്തിന്റെയും പുതിയ പാർലമെന്റ് മന്ദിരത്തിന്റെയും ചിത്രങ്ങളടങ്ങിയ ഫോട്ടോയും പോസ്റ്റ് ചെയ്തിട്ടുണ്ട്. ചന്ദ്രയാൻ 3 ന്റെ വിജയം അടക്കം സർക്കാരിന്റെ നേട്ടങ്ങൾ പ്രദർശിപ്പിക്കാനുള്ള വേദിയായും പാർലമെന്റ് സമ്മേളനത്തെ സർക്കാർ ഉപയോഗിച്ചേക്കും. ഒപ്പം പുതിയ പാർലമെന്റ് മന്ദിരം യാഥാർഥ്യമക്കിയതിന്റെ നേട്ടം അവിടെ സമ്മേളനം നടത്തി ജനങ്ങൾക്കുമുന്നിൽ അവതരിപ്പിക്കാനുള്ള ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായേക്കുമെന്നാണ് കരുതുന്നത്.

അതേസമയം, ഗണേഷ ചതുർഥി ദിവസം സമ്മേളനം പ്രഖ്യാപിച്ചതിനെതിരെ ശിവസേനാ നേതാവ് പ്രിയങ്ക ചതുർവേദി, എൻ.സി.പി നേതാവ് സുപ്രിയ സുലെ എന്നിവർ വിമർശിച്ചു. ഗണപതി പൂജാ സമയത്ത് നടത്താൻ നിശ്ചയിച്ച സമ്മേളനത്തിന്റെ സമയം പുനഃക്രമീകരിക്കണെമെന്ന് എൻ.സി.പി. നേതാവ് സുപ്രിയാ സുലെ ആവശ്യപ്പെട്ടു. ഗണേശ ചതുർഥി ദിവസം പ്രത്യേക സമ്മേളനം വിളിച്ചത് നിർഭാഗ്യകരമാണെന്ന് ശിവസേന നേതാവ് പ്രിയങ്കാ ചൗധരി പറഞ്ഞു.

# ഇടതുപക്ഷത്തിന്റെ പോരാട്ടം കൊണ്ടാണ് കർഷകർ ഇന്നത്തെ നിലയിൽ മെച്ചപ്പെട്ടത്; ഇ പി ജയരാജൻ

കർഷകരോടൊപ്പമാണ് സംസ്ഥാന സർക്കാർ ഉള്ളതെന്ന് എൽ ഡി എഫ് കൺവീനർ ഇപി ജയരാജൻ. നെല്ല് സംഭരണത്തിൽ കേന്ദ്രം 650 കോടി കേരളത്തിന് നൽകിയിട്ടില്ല. ഇടതുപക്ഷത്തിന്റെ പോരാട്ടം കൊണ്ടാണ് ഇന്നത്തെ നിലയിൽ കർഷകർ മെച്ചപ്പെട്ടത് എന്നും ജയരാജൻ പറഞ്ഞു.

വസ്തുത അറിഞ്ഞു വേണം കലാകാരന്മാർ പ്രതികരിക്കേണ്ടത്.വികസനത്തെ അലങ്കോലപ്പെടുത്താണ് യു ഡി എഫ് ശ്രമിക്കുന്നത് എന്നും ജയരാജൻ പറഞ്ഞു.കർഷകർക്ക് പണം നൽകാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്നു മനസിലാക്കണമെന്നും ഇ പി ജയരാജൻ പറഞ്ഞു.

കർഷകർക്ക് വേണ്ടി ജീവൻ കൊടുത്ത് പോരാടിയവരാണ് ഇടതുപക്ഷം. ഇന്നത്തെ കേരളം എങ്ങനെ രൂപപ്പെട്ടുവെന്നും അടിമകളായി കഴിഞ്ഞിരുന്ന കർഷകർ എങ്ങനെ ഇന്നത്തെ നിലയിൽ ആയി എന്നും ആരോപണം ഉന്നയിക്കുന്നവർ ചിന്തിക്കണം. കർഷകർ ഓണം നല്ല രീതിയിൽ ആഘോഷിക്കാൻ കഴിയട്ടെ എന്ന നിലയിൽ ആണ് സർക്കാർ പെരുമാറിയതെന്നും ജയരാജൻ വ്യക്തമാക്കി.കലാകായിക രംഗത്തുള്ളവരും ഇക്കാര്യങ്ങൾ മനസിലാക്കണം എന്നും ജയരാജൻ പറഞ്ഞു.



# ആദിവാസി യുവാവിനെതിരായ കള്ളക്കേസ്; മൂന്നാം പ്രതിയായ വനംവകുപ്പ് ഡ്രൈവർ അറസ്റ്റിൽ

ഇടുക്കി: ഇടുക്കി കിഴുക്കാനത്ത് ആദിവാസി യുവാവിനെ വനം വകുപ്പ് ഉദ്യോഗസ്ഥർ കള്ളക്കേസിൽ കുടുക്കിയതിൽ മൂന്നാം പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു. വനം വകുപ്പ് ഡ്രൈവർ ജിമ്മി ജോസഫ് ആണ് അറസ്റ്റിലായത്. കേസിൽ ഹൈക്കോടതി മുൻകൂർ ജാമ്യം നിഷേധിക്കുകയും അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകാൻ നിർദേശിക്കുകയും ചെയ്തിരുന്നു2022 സെപ്റ്റംബർ 20നാണ് ഓട്ടോറിക്ഷയിൽ കാട്ടിറച്ചി കടത്തിയെന്നാരോപിച്ച് സരുൺ സജിയെ കിഴുക്കാനം ഫോറസ്റ്റ് ഓഫീസർ അനിൽ കുമാറും സംഘവും അറസ്റ്റു ചെയ്തത്. ജാമ്യം ലഭിച്ച് പുറത്തിറങ്ങിയ സരുണും കുടുംബാംഗങ്ങളും ആദിവാസി സംഘടനയുടെ നേതൃത്വത്തിൽ നിരാഹാര സമരം നടത്തിയതോടെ വനംവകുപ്പ് സി.സി.എഫ് അന്വേഷണം നടത്തി കേസ് കെട്ടിച്ചമച്ചതാണെന്ന് കണ്ടെത്തി സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നു.

തുടർന്ന് ഇടുക്കി വൈൽഡ് ലൈഫ് വാർഡനും അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുമായ ബി. രാഹുൽ ഉൾപ്പെടെ ഏഴ് ഉദ്യോഗസ്ഥരെ സർവിസിൽനിന്ന് സസ്പെൻഡും ചെയ്തു. കള്ളക്കേസെടുത്ത നടപടിയിൽ അന്വേഷണം ആവശ്യപ്പെട്ട് സരുൺ സജി നൽകിയ പരാതിയിൽ പൊലീസ്? 13 വനം വകുപ്പ് ഉദ്യോഗസ്ഥരെ പ്രതി ചേർത്ത് കേസെടുത്തിരുന്നു.

# മരണത്തിനു ശേഷവും ജീവിതമുണ്ട്, പ്രിയപ്പെട്ടവർ കാത്തിരിക്കുന്നു; ഗവേഷണവുമായി ഡോക്ടർ

ന്യൂയോർക്ക്: മരണശേഷം എന്തു സംഭവിക്കുമെന്ന് ഭൂരിഭാഗം പേരും ചിന്തിക്കുന്ന ഒന്നാണ്. ഇന്നുവരെ അതിന് കൃത്യമായ ഒരുത്തരം നൽകാൻ ആർക്കും സാധിച്ചിട്ടില്ല.മരണശേഷം മറ്റൊരു ലോകമുണ്ടെന്ന് പലരും വിശ്വസിക്കുന്നുമുണ്ട്.

ഇതിനുള്ള ഉത്തരവുമായി എത്തിയിരിക്കുകയാണ് കെൻറക്കിയിലെ റേഡിയേഷൻ ഓങ്കോളജിസ്റ്റായ ഡോ. ജെഫ്രി ലോംഗ്. 5,000-ലധികം മരണാസന്ന അനുഭവങ്ങളെ വിശദമായി പഠിച്ച ശേഷമാണ് അദ്ദേഹം മരണാനന്തര ജീവിതമുണ്ടെന്ന് അനുമാനത്തിലെത്തിയത്.

1998ലാണ് ജെഫ്രി ഇതു സംബന്ധിച്ച് പഠനം തുടങ്ങിയത്. ആ വർഷം 'നിയർ ഡെത്ത് എക്സ്പീരിയൻസ് റിസർച്ച് ഫൗണ്ടേഷൻ' സ്ഥാപിച്ചു.മരിച്ചവർ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടെന്ന് ജെഫ്രി പറയുന്നു.

എൻഡിഇയുടെ സമയത്ത് കോമ അവസ്ഥയിലുള്ള വ്യക്തികൾ ചുറ്റുപാടുകളുമായി ഇടപഴകുന്നുണ്ടെന്നും അവർക്ക് വികാരങ്ങളുണ്ടെന്നും ഡോ. ലോംഗിൻറെ ഗവേഷണം സൂചിപ്പിക്കുന്നു. മരണത്തിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ചുവന്ന പലരുടെയും അനുഭവങ്ങളും ലോംഗ് വിവരിക്കുന്നുണ്ട്. ഒരു സ്ത്രീക്ക് കുതിരപ്പുറത്ത് സഞ്ചരിക്കുമ്പോൾ ബോധം നഷ്ടപ്പെട്ടു. കുതിര വീണ്ടും കളപ്പുരയിലേക്ക് കുതിക്കുമ്പോൾ അവളുടെ ബോധം അവളുടെ കുതിരയോടൊപ്പം സഞ്ചരിക്കുകയാണ്. പക്ഷെ ശരീരം കൂടെയില്ല. എന്നാൽ കളപ്പുരയിൽ സംഭവിച്ചത് കൃത്യമായി പറയാൻ ആ സ്ത്രീക്ക് സാധിച്ചു. കാരണം അവളുടെ ശരീരം അവിടെ ഇല്ലാതിരുന്നിട്ടും അവൾ കളപ്പുരയിൽ നടന്നതെല്ലാം ശരീരത്തിന് ബോധം വീണ്ടെടുത്ത ശേഷം കൃത്യമായി പറഞ്ഞു.

എൻഇഡി ഉള്ള 45% ആളുകളും ശരീരത്തിന് പുറത്തുള്ള അനുഭവത്തെക്കുറിച്ച് പറയുന്നുണ്ട്. പലരും ഒരു തുരങ്കത്തിലൂടെ കടന്നുപോകുകയും ഒരു പ്രകാശം അനുഭവിക്കുകയും ചെയ്യുന്നു. തുടർന്ന്, അവരുടെ ജീവിതത്തിന്റെ പ്രധാന ഘട്ടത്തിൽ കഴിയുന്ന വളർത്തുമൃഗങ്ങൾ ഉൾപ്പെടെ മരിച്ചുപോയ പ്രിയപ്പെട്ടവർ അവരെ അഭിവാദ്യം ചെയ്യുന്നു. മിക്ക ആളുകളും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അമിതമായ ബോധത്തിലാണുള്ളത്. ഈ മറ്റൊരു മേഖലയാണ് തങ്ങളുടെ യഥാർത്ഥ വീടെന്ന് അവർക്ക് തോന്നുന്നു- ഡോക്ടർ ലോംങ് പറഞ്ഞു.

എന്നാൽ ഈ അനുഭവങ്ങൾക്ക് ശാസ്ത്രീയമായ വിശദീകരണങ്ങളൊന്നും താൻ കണ്ടെത്തിയിട്ടില്ലെന്ന് അദ്ദേഹം സമ്മതിച്ചു.

സമാനമായ ഗവേഷണം നടത്തുന്ന മറ്റ് ഡോക്ടർമാരും ഡോ. ലോംഗിനോട് യോജിക്കുകയും സമാനമായ ചില സ്വഭാവവിശേഷങ്ങൾ ഉദ്ധരിക്കുകയും ചെയ്തു.

# അച്ഛൻ മരിച്ചതിനു ശേഷം ഓണക്കോടി വാങ്ങി തരുന്നത് രാജുച്ചേട്ടൻ: മഞ്ജു വാര്യർ

നടനും നിർമാതാവുമായ മണിയൻപിള്ള രാജുവിനെക്കുറിച്ച് നടി മഞ്ജു വാര്യർ പറഞ്ഞ വാക്കുകളാണ് ഇപ്പോൾ ശ്രദ്ധ നേടുന്നത്. അച്ഛൻ മരിച്ചതിനു ശേഷം തനിക്ക് ഓണക്കോടി വാങ്ങിത്തരുന്ന ആളാണ് രാജുവെന്നാണ് മഞ്ജു പറയുന്നത്. 'രാജുവേട്ടനെ ഞാൻ എപ്പോഴാണ് പരിചയപ്പെട്ടത് എന്ന കണക്ക് ഒന്നും എനിക്ക് ഓർമ്മയില്ല. അത്രത്തോളം വർഷങ്ങൾ ആയി രാജുവേട്ടനും ആയിട്ടുള്ള സ്നേഹ ബന്ധം തുടങ്ങിയിട്ട്. എല്ലാ കാലത്തും, അതിപ്പോൾ ഞാൻ അഭിനയിച്ചുകൊണ്ടിരുന്ന സമയത്ത് ആണെങ്കിലും അല്ലാതെയിരുന്ന സമയത്ത് ആണെങ്കിലും ഇടയ്ക്കിടയ്ക്ക് വിളിക്കുകയും അന്വേഷിക്കുകയും ഒക്കെ ചെയ്യാറുണ്ടായിരുന്നു. എനിക്ക് തോന്നിയിട്ടുള്ളത്, രാജുവേട്ടനെ അറിയാവുന്ന എല്ലാവർക്കും അറിയുന്ന ഒരു കാര്യമാണ് രാജുവേട്ടന് ഭക്ഷണത്തോടുള്ള ഇഷ്ടവും അതിനേക്കാൾ ഉപരി രാജുവേട്ടന്റെ സെൻസ് ഓഫ് ഹ്യൂമറും. യഥാർത്ഥ ജീവിതത്തിൽ രാജുവേട്ടൻ കാണിക്കുന്ന സെൻസ് ഓഫ് ഹ്യൂമറിന്റെ പകുതി പോലും അദ്ദേഹം ചെയ്ത സിനിമകളിലോ അദ്ദേഹം ചെയ്ത കഥാപാത്രങ്ങളിലോ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. സംസാരിക്കുമ്പോൾ ഒക്കെ ഒരു വാചകം കഴിഞ്ഞു രണ്ടാമത്തെ വാചകത്തിൽ നമ്മളെ പൊട്ടി ചിരിപ്പിച്ചിട്ടേ രാജുവേട്ടൻ അവസാനിപ്പിക്കാറുള്ളു. അത്രയും സെൻസ് ഓഫ് ഹ്യൂമർ ഉള്ള മനുഷ്യനാണ്. പിന്നെ ഞാൻ സ്നേഹത്തോടെ രാജുവേട്ടനെ കുറിച്ച് ഓർക്കുന്ന ഒരു കാര്യം ഉള്ളത് കഴിഞ്ഞ കുറച്ചു വർഷങ്ങളായി എന്റെ അച്ഛൻ മരിച്ചതിനു ശേഷം എല്ലാ വർഷവും മുടങ്ങാതെ എനിക്ക് ഓണക്കോടി എത്തിക്കുന്ന ഒരു കുടുംബമാണ് രാജുവേട്ടനും ചേച്ചിയും. എല്ലാവർഷവും ഒരു ചെറിയ കുട്ടിയെപ്പോലെ ഞാൻ അതിനു കാത്തിരിക്കും. എപ്പോഴാണ് ഓണക്കോടി കിട്ടുക എന്ന് പറഞ്ഞു ഞാൻ കാത്തിരിക്കും. പിന്നെ ഞാൻ സ്നേഹത്തോടെ ഓർക്കുന്ന ഒരു കാര്യം ഇപ്പോൾ ഏതെങ്കിലും ഒരു പൊതു സ്ഥലത്തു വച്ച് കണ്ടുമുട്ടുകയാണ് എങ്കിൽ പോലും ഞാൻ ഭക്ഷണം കഴിച്ചോ ഇല്ലയോ എന്നൊക്കെ ഉറപ്പു വരുത്തി മാത്രമേ രാജു ചേട്ടൻ പോകാറുള്ളൂ.കഴിഞ്ഞ തവണ അമ്മയുടെ മീറ്റിങ്ങിനോ മറ്റോ ആണെന്ന് തോന്നുന്നു, എനിക്ക് മീറ്റിംഗ് കഴിഞ്ഞു ലൊക്കേഷനിൽ എത്തണമായിരുന്നു. ഊണ് കഴിക്കാനുള്ള സമയം എനിക്ക് ഉണ്ടായിരുന്നില്ല. രാജുവേട്ടൻ തിരുവനന്തപുരത്തേക്ക് പോകുമ്പോൾ കഴിക്കാനായി വണ്ടിയിൽ വച്ചിരുന്ന കുറച്ചു ഫ്രൂട്ട് കട്ടുചെയ്തത് വണ്ടിയിൽ ഉണ്ടായിരുന്നു. അത് എന്നെ നിർബന്ധപൂർവം ഏൽപ്പിച്ചു ഷൂട്ടിംഗ് സ്ഥലത്ത് എത്തും മുൻപ് അത് കഴിക്കണം എന്ന് പറഞ്ഞേൽപ്പിച്ചു വിട്ടയാളാണ് രാജുവേട്ടൻ. ആ പാത്രമൊക്കെ ഞാൻ ഇന്നും സൂക്ഷിച്ചു വച്ചിട്ടുണ്ട്. ഒരുപാട് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും നല്ല ഓർമ്മകൾ എനിക്ക് രാജുവേട്ടനുമായിട്ടുണ്ട്. രാജുവേട്ടനും കുടുംബത്തിനും എന്നും നല്ലത് വരണം എന്ന് മാത്രമേ എനിക്ക് പ്രാർത്ഥിക്കാനുള്ളു' - മഞ്ജു പറഞ്ഞു.അതുപോലെ മഞ്ജുവിനെക്കുറിച്ച് മണിയൻപിള്ള രാജുവും പറയുന്നുണ്ട്.



'എന്റെ സിനിമയിലെ ഏറ്റവും നല്ല സുഹൃത്ത് മഞ്ജു ആണ്. കാരണം ചിലരെ നമ്മൾ പ്രത്യേകിച്ച് ഒരു കാരണവും ഇല്ലാതെ ഭയങ്കരമായി ഇഷ്ടപ്പെടില്ലേ അതുപോലെയാണ് മഞ്ജു. എന്റെ കണ്ണെഴുതി പൊട്ടും തൊട്ട് എന്ന സിനിമയിൽ മഞ്ജു അഭിനയിച്ചിട്ടുണ്ട്. മഞ്ജുവിന്റെ സിനിമകൾ ഒക്കെ കണ്ട് നിൽക്കുന്ന സമയത്ത് ആറാംതമ്പുരാനിൽ അഭിനയിക്കാൻ മഞ്ജു വരുമ്പോൾ, മഞ്ജു ക്യാമറയ്ക്ക് മുന്നിൽ നിൽക്കുമ്പോൾ ഞാൻ സൈഡിൽ ഒക്കെ പേ‌ായി നിന്ന് നോക്കും. മുഖത്ത് മിന്നി മായുന്ന എക്സ്പ്രെഷൻ കാണാൻ. അതിഗംഭീര ആർട്ടിസ്റ്റാണ്. ആ ആരാധന ഒരു പ്രണയം പോലെയാണ്. അവരുടെ കഴിവിനെ ബഹുമാനിക്കുന്നതാണ്.അന്ന് തുടങ്ങിയ സൗഹൃദമാണ്. മഞ്ജു വിളിക്കും, ഞാനും വിളിക്കും മഞ്ജുവിനെ. മഞ്ജു എറണാകുളത്ത് വന്നാൽ വിളിക്കും, ഞങ്ങൾ ഇടയ്ക്ക് വൈകുന്നേരങ്ങളിൽ ഭക്ഷണം കഴിക്കാനൊക്കെ പുറത്തു പോകും. പുറം രാജ്യങ്ങളിൽ പോയാൽ പോലും വിളിക്കും. ഞാൻ മഞ്ജുവിന്റെ കാര്യത്തിൽ ഒരു കെയറിങ് എപ്പോഴും കൊടുക്കാറുണ്ട്. സാധാരണ എല്ലാ നടിമാരുടേം കൂടെ ടച്ചപ്പ് മേക്കപ്പ് എന്നൊക്കെ പറഞ്ഞു പതിനാറുപേർ ഉണ്ടാകും. മഞ്ജു ഒറ്റയ്ക്കാണ് വരുന്നത്. ഏത് രാജ്യത്ത് ഷൂട്ടിങ്ങിനു പോയാലും കേരളത്തിൽ വന്നാലും മഞ്ജുവിന്റെ കൂടെ ഒരു അസിസ്റ്റന്റും ഇല്ല. വണ്ടിയിൽ നിന്നിറങ്ങി സ്വയം പെട്ടി എടുത്തോണ്ട് പോകും, അല്ലെങ്കിൽ ഏതെങ്കിലും ഹോട്ടലിലെ പയ്യന്മാർ വന്നു ഹെല്പ് ചെയ്താൽ ചെയ്തു. സ്വന്തം വസ്ത്രങ്ങൾ നനയ്ക്കുന്നതും അടുക്കുന്നതും എല്ലാം ഒറ്റയ്ക്കാണ്. അങ്ങിനെ വേറെയാരും ഇല്ല, ഒറ്റയ്ക്ക് സ്ട്രോങ്ങ് ആയിട്ട് ഇങ്ങിനെ ജീവിക്കുന്നയാൾ.ഇപ്പോഴും നല്ല സൗഹൃദമാണ്. ഇടയ്ക്കൊക്കെ ഏതെങ്കിലും പടം വരുമ്പോൾ എന്നെ വിളിക്കും രാജുച്ചേട്ടാ ഇങ്ങിനെയൊരു പടം ഉണ്ട് അഭിനയിക്കാൻ പോകുവാണ്, എല്ലാ അനുഗ്രഹവും വേണം എന്ന് പറയും. അവർ കാണിക്കുന്ന സ്നേഹം കാണുമ്പോൾ കണ്ണ് നിറയും. തിരുവനന്തപുരത്തു വന്നാൽ എന്റെ വീട്ടിൽ വരും, ഞാനും വൈഫും അങ്ങോട്ടും പോകാറുണ്ട്. അവരുടെ കൂടെയുള്ള എല്ലാ നിമിഷവും നല്ല ഓർമ്മകളാണ്. സിനിമയിൽ സൗഹൃദങ്ങൾ സെറ്റിടുന്ന ഒരുപാടുപേരുണ്ട് കാണുമ്പോൾ മാത്രം വളരെ സ്നേഹം കാണിക്കുന്നവർ അത് സെറ്റാണ് എന്ന് അപ്പോൾ തന്നെ മനസിലാവും. മഞ്ജു നല്ല ജനുവിനായിട്ട് സ്നേഹിക്കുന്ന ആളാണ്. മഞ്ജുവിന്റെ ടാലന്റ് ഭയങ്കര പ്രശംസനീയമാണ്.മഞ്ജു എൻറെ പാവാട എന്ന സിനിമയിൽ അഭിനയിച്ചു. തമിഴ്നാട്ടിലെ ഏതോ ലൊക്കേഷനിൽ നിന്നും രാത്രി വണ്ടിയോടിച്ചാണ് മഞ്ജു പാവാടയുടെ ലൊക്കേഷനിൽ എത്തിയത്. രാവിലെ ആറുമണിക്ക് ഇവിടെ ഷൂട്ടിങ് കഴിഞ്ഞു നേരെ വീണ്ടും തമിഴ്നാട്ടിലേക്ക് പോയി. ആ സിനിമയിൽ അഭിനയിച്ചതിന് ഞാൻ പൈസ കൊടുത്തിട്ട് എന്ത് ചെയ്താലും വാങ്ങില്ല എന്റെ കയ്യിന്നു. ആ വര്ഷം ഞാൻ ഓണത്തിന് ഡ്രസ്സ് എടുത്തുകൊണ്ട് കൊടുത്തപ്പോൾ കണ്ണൊക്കെ നിറഞ്ഞു എന്നിട്ട് എനിക്ക് ആരും ഓണക്കോടി വാങ്ങി തരാറില്ല എന്ന് പറഞ്ഞു. എന്റെയും കണ്ണ് നിറഞ്ഞു പോയി. അന്ന് തുടങ്ങിയതാണ് ഞാൻ, ഇപ്പോൾ ഏഴെട്ടു വർഷമായിട്ട് എല്ലാ ഓണത്തിനും ഞാൻ ഓണക്കോടി വാങ്ങി കൊടുക്കും.

മഞ്ജു എവിടെ ആണെങ്കിലും ഞാൻ കൊറിയർ അയച്ചു കൊടുക്കും ഓണക്കോടി. എന്നിട്ട് ഈ ഡ്രസ്സ് ഇട്ടിട്ട് ഒരു സ്റ്റിൽ ഒക്കെ എടുത്ത് അയച്ചു തരും എനിക്ക്. ഇപ്പോൾ ബെൽജിയം എന്ന സ്ഥലത്ത് ചാക്കോച്ചന്റെം പിഷാരടിയുടെയും കൂടെ എന്തോ പ്രോഗ്രാമിന് പോയതായിരുന്നു. പിഷാരടി ഒക്കെ എനിക്ക് ഒരു വീഡിയോ അയച്ചു തന്നു, രാജുച്ചേട്ടൻ എടുത്തു തന്ന ഡ്രസ്സ് ആണ് എന്ന് പറഞ്ഞ് ആ ഡ്രസ്സ് ഒക്കെ ഇട്ടിട്ട് ഫാഷൻ ഷോയിലെ പോലെ നടക്കുന്നത് ഒക്കെ. അത്ര നല്ലൊരു സുഹൃത്താണ് മഞ്ജു' - മണിയൻ പിള്ള രാജു പറയുന്നു.

# 15 സെന്റീ മീറ്റർ വ്യത്യാസത്തിൽ ഒന്നാം സ്ഥാനം പോയി; ഡയമണ്ട് ലീഗിൽ രണ്ടാമനായി നീരജ് ചോപ്ര




സൂറിച്ച്: ലോക ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയതിനു പിന്നിലെ വീണ്ടും അഭിമാനമായി ഇന്ത്യയുടെ നീരജ് ചോപ്ര. സൂറിച്ച് ഡയമണ്ട് ലീഗ് പുരുഷ ജാവലിൻ ത്രോയിൽ നീരജിന് രണ്ടാം സ്ഥാനം. ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കൂബ് വാൽഡെജ് ആണ് ഒന്നാമതായത്. ജർമനിയുടെ ജൂലിയൻ വെബറിനാണ് മൂന്നാം സ്ഥാനം.85.71 മീറ്റർ എറിഞ്ഞാണ് നീരജ് രണ്ടാം സ്ഥാനത്തിലേക്ക് എത്തിയത്. 15 സെന്റി മീറ്ററിന്റെ വ്യത്യാസത്തിലാണ് നീരജിന് ഒന്നാംസ്ഥാനം നഷ്ടമായത്. ലോകചാമ്പ്യൻ ആയതിനു ശേഷം കളത്തിലിറങ്ങിയ നീരജിന് പ്രതീക്ഷിച്ച മികവിലേക്ക് ഉയരാനായില്ല. മത്സരത്തിൽ നീരജിന് 3 അവസരങ്ങൾ ഫൗളായപ്പോൾ 85 മീറ്റർ കടന്നത് 2 ത്രോകൾ മാത്രമാണ്. ആദ്യ അവസരത്തിൽ 80.79 ആണ് നീരജ് എറിഞ്ഞത്. പിന്നീടുള്ള രണ്ട് അവസരങ്ങൾ ഫൗൾ ആയതോടെ പട്ടികയിൽ അഞ്ചാം സ്ഥാനത്തേക്ക് വീണു. നാലാം അവസരത്തിൽ 85.22 മീറ്റർ എറിഞ്ഞാണ് നീരജ് തിരിച്ചുവരവ് നടക്കിയത്. അതോടെ രണ്ടാം സ്ഥാനത്തായി. അഞ്ചാമത്തെ അവസരവും ഫൗൾ ആയി. അവസാന അവസരത്തിലാണ് താരം 85.71 എറിഞ്ഞത്. ആദ്യ സ്ഥാനം നേടിയ യാക്കൂബ് വാൽഡെജ് 85.86 മീറ്റർ ദൂരമാണ് എറിഞ്ഞത്. കഴിഞ്ഞ ദിവസം ഹങ്കറിയിലെ ബുഡാപെസ്റ്റിൽ നടന്ന ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സ്വർണം നേടി നീരജ് ചരിത്രം കുറിച്ചിരുന്നു. ആദ്യമായാണ് ഇന്ത്യക്കാരൻ ചാമ്പ്യൻഷിപ്പിൽ സ്വർണം നേടുന്നത്. 88.17 എറിഞ്ഞായിരുന്നു നേട്ടം.



പ്രധാനമന്ത്രി മോദിക്കൊപ്പം പ്രഗ്നാനന്ദയും കുടുംബവും

# 'ഇന്ത്യയിലെ യുവതലമുറയ്ക്ക് ഏത് മേഖലയും കീഴടക്കാനാകും എന്നതിന് ഉദാഹരണം'; പ്രഗ്നാനന്ദയെ ചേർത്ത് നിർത്തി മോദി

ന്യൂഡൽഹി: ചെസ് ലോകകപ്പിൽ വെള്ളി മെഡൽ നേടിയ ആർ പ്രഗ്നാനന്ദയുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി.

രക്ഷിതാക്കൾക്കൊപ്പമാണ് പ്രധാനമന്ത്രിയെ കാണാൻ പ്രഗ്നാനന്ദ അദ്ദേഹത്തിന്റെ വസതിയിലെത്തിയത്. പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയതിന്റെ ചിത്രങ്ങൾ പ്രഗ്നാനന്ദ എക്സ് പ്ലാറ്റ്ഫോമിലൂടെ പങ്കുവെച്ചു.പ്രധാനമന്ത്രിയെ നേരിൽ കാണാനായത് ബഹുമതിയായി കണക്കാക്കുന്നുവെന്നും അദ്ദേഹത്തിന്റെ വിലപ്പെട്ട വാക്കുകൾക്ക് നന്ദി അറിയിക്കുന്നുവെന്നും പ്രഗ്നാനന്ദ കുറിച്ചു.

പ്രഗ്നാനന്ദയുടെയും കുടുംബത്തോടും ഒപ്പമുള്ള ചിത്രങ്ങൾ പ്രധാനമന്ത്രിയും എക്സ് പ്ലാറ്റ്ഫോമിലൂടെ പങ്കുവെച്ചു. ഇന്ത്യയിലെ യുവതലമുറയ്ക്ക് ഏത് മേഖലയും കീഴടക്കാനാകും എന്നതിന്റെ ഉദാഹരണമാണ് പ്രഗ്നാനന്ദയെന്നും അതിൽ അഭിമാനിക്കുന്നുവെന്നും പ്രധാനമന്ത്രി കുറിച്ചു.

ചെസ് ലോകകപ്പിന്റെ നാലാം റൗണ്ടിൽ ലോക രണ്ടാം നമ്പർ ഹിക്കാരു നക്കാമുറയെ അട്ടിമറിച്ചാണ് പ്രഗ്നാനന്ദ കാർട്ടറിലെത്തിയത്. സെമിയിൽ ലോക മൂന്നാം നമ്പർ ഫാബിയാനോ കരുവാനയെയാണ് പ്രഗ്നാനന്ദ കീഴടക്കിയത്. ഫൈനലിൽ ലോക ഒന്നാം നമ്പർ താരം നോർവെയുടെ മാഗ്നസ് കാൾസനെ വിറപ്പിച്ച് കീഴടങ്ങുകയായിരുന്നു.

വിശ്വനാഥൻ ആനന്ദിനു ശേഷം ചെസ് ലോകകപ്പിന്റെ ഫൈനൽ കളിക്കുന്ന ആദ്യ ഇന്ത്യൻ താരമാണ് പ്രഗ്നാനന്ദ.

# ദ ഗ്രേറ്റ് ഹാളണ്ട്; യുവേഫ പ്ലെയർ ഓഫ് ദ ഇയർ പുരസ്കാരം എർലിങ് ഹാളണ്ടിന്



യുവേഫയുടെ പോയ വർഷത്തെ ഏറ്റവും മികച്ച താരത്തിനുള്ള പുരസ്കാരം മാഞ്ചസ്റ്റർ സിറ്റിയുടെ നോർവീജിയൻ സ്ട്രൈക്കർ എർലിങ് ഹാളണ്ടിന്. കഴിഞ്ഞ സീസണിൽ മാഞ്ചസ്റ്റർ സിറ്റിക്കായി നടത്തിയ മിന്നും പ്രകടനങ്ങളാണ് ഹാളണ്ടിനെ പുരസ്കാരത്തിനർഹനാക്കിയത്. യുവേഫ ചാമ്പ്യൻസ് ലീഗ് അടക്കം മാഞ്ചസ്റ്റർ സിറ്റിയുടെ മൂന്ന് സുപ്രധാന കിരീട നേട്ടങ്ങളിൽ ഹാളണ്ട് നിർണ്ണായക പങ്കാണ് വഹിച്ചത്. സാക്ഷാൽ ലയണൽ മെസ്സിയേയും മാഞ്ചസ്റ്റർ സിറ്റിയിൽ തന്റെ സഹതാരമായ കെവിൻ ഡിബ്രൂയിനേയും മറികടന്നാണ് ഹാളണ്ട് പുരസ്കാരത്തിൽ മുത്തമിട്ടത്. കഴിഞ്ഞ സീസണിൽ സിറ്റിക്കായി 52 ഗോളുകളാണ് ഹാളണ്ട് അടിച്ച് കൂട്ടിയത്. പ്രീമിയർ ലീഗിലെയും യുവേഫ ചാമ്പ്യൻസ് ലീഗിലും ഹാളണ്ട് തന്നെയായിരുന്നു ടോപ് സ്കോറർ.കഴിഞ്ഞ ദിവസം പി.എഫ്.എ പ്ലെയർ ഓഫ് ദ ഇയർ പുരസ്കാരവും ഹാളണ്ട് സ്വന്തമാക്കിയിരുന്നു. സ്പെയിനിൻറെ ഐറ്റാന ബൊൻമാറ്റിയാണ് മികച്ച വനിതാ താരം.മാഞ്ചസ്റ്റർ സിറ്റി പരിശീലകൻ പെപ് ഗാർഡിയോളക്കാണ് മികച്ച പരിശീലകനുള്ള പുരസ്കാരം.

# കളിക്കിടെ സുവാരസിന്റെ ബൂട്ട് വലിച്ചെറിഞ്ഞ് എതിർതാരം; വിവാദം




റിയോ ഡീ ജനീറോ: മൈതാനത്ത് എക്കാലവും വിവാദങ്ങളുടെ കളിത്തോഴനാണ് ഉറുഗ്വെൻ താരം ലൂയിസ് സുവാരസ്.

മത്സരത്തിനിടെ എതിർതാരങ്ങളെ കടിച്ച് പരിക്കേൽപ്പിച്ചതുൾപ്പെടെ നിരവധി വിചിത്ര സംഭവങ്ങൾ താരത്തെ ചുറ്റിപ്പറ്റിയുണ്ട്. നിലവിൽ താരം ബ്രസീലിയൻ ക്ലബ്ബായ ഗ്രീമിയോക്കായാണ് പന്ത് തട്ടുന്നത്.കഴിഞ്ഞ ദിവസം ക്രുസീറോക്കെതിരായ ഗ്രീമിയോയുടെ മത്സരത്തിനിടെ അരങ്ങേറിയ രസകരമായൊരു സംഭവമാണിപ്പോൾ ഫുട്ബോൾ ലോകത്തെ ചർച്ചകളിൽ നിറയേ.

ക്രുസീറോ ഡിഫൻഡർ മർലോൺ സേവ്യറുടെ ഫൗളിൽ മൈതാനത്ത് വീണുകിടക്കുകയായിരുന്നു സുവാരസ്. ഫൗളിന്റെ വ്യാപ്തി റഫറിയെ ബോധ്യപ്പെടുത്താൻ സുവാരസ് ബൂട്ടഴിച്ച് നിലത്തിട്ടു.

ഇത് കണ്ട് താരത്തിനടുത്തെത്തിയ സേവ്യർ സുവാരസിന്റെ ബൂട്ടെടുത്ത് ഗ്രൗണ്ടിന് പുറത്തേക്ക് വലിച്ചെറിഞ്ഞു. സേവ്യറിന്റെ വിചിത്ര നടപടി സുവാരസിനെ ചൊടിപ്പിച്ചു. റഫറിയുടെ അടുക്കലേക്ക് ഓടിയെത്തിയ സുവാരസ് സേവ്യറിന് മഞ്ഞക്കാർഡ് വാങ്ങിക്കൊടുത്തിട്ടേ അടങ്ങിയുള്ളൂ. മത്സരത്തിന്റെ ആദ്യ പകുതിയിലായിരുന്നു രസകരമായ സംഭവങ്ങൾ അരങ്ങേറിയത്. ഗ്രീമിയോ മറുമടിയില്ലാത്ത മൂന്ന് ഗോളുകൾക്ക് ക്രുസീറോയെ തകർത്തു.

മത്സരത്തിൽ ഒരു ഗോളും ഒരു അസിസ്റ്റും കുറിച്ച സുവാരസ് തന്നെയായിരുന്നു മാൻ ഓഫ് ദ മാച്ച്.



# കേരള ഫുട്ബോൾ ടീമിന്റെ പരിശീലകനായി സതീവൻ ബാലൻ

കൊച്ചി: സന്തോഷ് ട്രോഫിക്കും ദേശീയ ഗെയിംസിനുമുള്ള കേരള ഫുട്ബോൾ ടീമിന്റെ കോച്ചായി സതീവൻ ബാലനെ നിയമിച്ചു. അസിസ്റ്റന്റ് കോച്ചായി പി.കെ. അസീസിനെയും ഗോൾ കീപ്പിങ് കോച്ചായി ഹർഷൽ റഹ്മാനെയും കേരള ഫുട്ബോൾ അസോസിയേഷൻ തിരഞ്ഞെടുത്തു.

രണ്ടാംതവണയാണ് സതീവൻ കേരള ടീമിന്റെ പരിശീലകനാകുന്നത്. 2018-ൽ സതീവൻ പരിശീലകനായിരിക്കെ സന്തോഷ് ട്രോഫി നേടിയിരുന്നു.

'ഒരിക്കൽക്കൂടി സന്തോഷ് ട്രോഫി ജയിക്കണം. ചരിത്രത്തിലാദ്യമായി കേരളത്തിന് ദേശീയ ഗെയിംസ് ഫുട്ബോൾ സ്വർണം സമ്മാനിക്കണം...' കോച്ചായി തിരിച്ചെത്തിയ സതീവൻ ബാലന് രണ്ടുലക്ഷ്യമുണ്ട്. മലപ്പുറത്ത് നടക്കാനിരിക്കുന്ന സംസ്ഥാന ഫുട്ബോൾ ചാമ്പ്യൻഷിപ്പിലൂടെ 'ടാലന്റ് ഹണ്ട്' തുടങ്ങാനുള്ള ഒരുക്കത്തിലാണ് പരിശീലകസംഘം.

"അഞ്ചുവർഷംമുമ്പ് കൊൽക്കത്തയിൽ കേരളം സന്തോഷ് ട്രോഫി നേടിയപ്പോൾ പലർക്കും അദ്ഭുതമായിരുന്നു. 14 വർഷത്തിനുശേഷമുള്ള കേരളത്തിന്റെ കിരീടമാണത്. ഒരിക്കൽ ചാമ്പ്യന്മാരായ ടീമിന്റെ കോച്ച് എന്നനിലയിൽ എന്നിൽ പലരും പ്രതീക്ഷപുലർത്തുന്നു. അതിന്റെ സമ്മർദമില്ലാതെ ടീമിനെ സെറ്റാക്കാനാണ് ശ്രമം. ദേശീയ ഗെയിംസിൽ കഴിഞ്ഞതവണ രണ്ടാം സ്ഥാനത്തെത്തിയ നമ്മൾ ഇതുവരെ കിരീടം നേടിയിട്ടില്ല. ഇത്തവണ ആ കിരീടംകൂടി കേരളത്തിലെത്തിക്കണമെന്നുണ്ട്." -സതീവൻ പറഞ്ഞു.

മലപ്പുറത്ത് നടക്കുന്ന സംസ്ഥാന ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽനിന്ന് മികച്ച താരങ്ങളെ കണ്ടെത്താമെന്ന പ്രതീക്ഷയിലാണ് അദ്ദേഹം. ഇതിനൊപ്പം ഐ.എസ്.എൽ. അടക്കമുള്ള ക്ലബ്ബുകളിലെ റിസർവ് താരങ്ങളെയും കെ.എഫ്.എ. നോട്ടമിടുന്നു.

സീനിയർ, ജൂനിയർ വ്യത്യാസമില്ലാതെ അർഹതയുള്ളവരെല്ലാം കേരള ടീമിലെത്തുമെന്നും സതീവൻ 'മാതൃഭൂമി'യോട് പറഞ്ഞു.

കേരള കോച്ചായി രണ്ടാംതവണയെത്തുന്ന സതീവൻ അഖിലേന്ത്യാ യൂണിവേഴ്സിറ്റി കിരീടം നേടിയ കാലിക്കറ്റ് സർവകലാശാലാ ടീമിന്റെ കോച്ചായിരുന്നു. എ.എഫ്.സി. സി ലൈസൻസ് ഇൻസ്ട്രക്ടറുമാണ്.

# ഇന്ത്യ – പാക്; വിധി നിർണയിക്കുക ആ പോര്! ചൂണ്ടിക്കാട്ടി ഹോഗ്



ഏഷ്യാ കപ്പിൽ ശനിയാഴ്ച നടക്കാനിരിക്കുന്ന ഇന്ത്യ-പാകിസ്താൻ സൂപ്പർ പോരാട്ടത്തെക്കുറിച്ച് പ്രവചനം നടത്തിയിരിക്കുകയാണ് ഓസ്ട്രേലിയയുടെ മുൻ സ്പിന്നർ ബ്രാഡ് ഹോഗ്. ഒരു പോരാട്ടമായിരിക്കും ഈ മൽസരത്തിൽ ആരു വിജയിക്കുകയെന്നു തീരുമാനിക്കുകയെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി. ശനിയാഴ്ച പകലും രാത്രിയുമായിട്ടാണ് ശ്രീലങ്കയിലെ പല്ലെക്കെലെ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ക്രിക്കറ്റിലെ ഈ എൽ ക്ലാസിക്കോ അരങ്ങേറുന്നത്.പാകിസ്താന്റെ ന്യൂബോൾ സ്പെഷ്യലിസ്റ്റും ഇടംകൈയൻ പേസ് ബൗളറുമായ ഷഹീൻ അഫ്രീഡിയും ഇന്ത്യയുടെ മുൻനിര ബാറ്റർമാരും തമ്മിലുള്ള ഏറ്റുമുട്ടലായിരിക്കും മൽസരത്തിൽ നിർണായകമായി മാറുകയെന്നു ഹോഗ് ചൂണ്ടിക്കാട്ടി. ഷഹീനെ ഫലപ്രദമായി നേരിടുന്നതിൽ വിജയിച്ചാൽ മൽസരത്തിൽ ഇന്ത്യക്കാണ് സാധ്യതയെന്നും അദ്ദേഹം വിലയിരുത്തി.

ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ഈ മൽസരം ഞാൻ തീർച്ചയായും കാണും. ലോക ക്രിക്കറ്റിൽ നിലവിലെ ഏറ്റവും വലിയ പോരാട്ടങ്ങളിലൊന്നാണിത്. രാഷ്ട്രീയം എല്ലായിടത്തും കായിക രംഗത്തെ തടസപ്പെടുത്താറുണ്ട്. ഇവിടെ ഓസ്ട്രേലിയയിലും ഇംഗ്ലണ്ടിലും എല്ലായിടത്തും ഇതുണ്ട്. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള ക്രിക്കറ്റ് ഫീൽഡിലെ ഏറ്റുമുട്ടലാണ് നമ്മൾ മിസ്സ് ചെയ്യുന്നത്. പാകിസ്താനും ഏഷ്യാ കപ്പിലെ ഈ കളി നല്ലതായിരിക്കും. കാരണം അവർക്കും ഈ മൽസരം കൂടുതൽ ഗുണം ചെയ്യുമെന്നും ഹോഗ് വിലയിരുത്തി. ഇന്ത്യയും പാകിസ്താനും തമ്മിലുള്ള മൽസരങ്ങൾ സംഭവിക്കണമെന്നു നമ്മൾ ആഗ്രഹിക്കുന്നു. ഇന്ത്യക്കാണ് കുടുതൽ പ്രബലമായ ബാറ്റിങുള്ളത്. പക്ഷെ പേസ് ബൗളിങ് ലൈനപ്പ് നോക്കുമ്പോൾ പാകിസ്താനു നേരിയ മുൻതൂക്കമുണ്ട്. പ്രത്യേകിച്ചും ഇടംകൈയൻ ഫാസ്റ്റ് ബൗളർ ഷഹീൻ അഫ്രീഡിയെക്കുറിച്ച് എടുത്തു പറയേണ്ടതാണ്.

അദ്ദേഹം വളരെ കഴിവുറ്റ ബൗളറാണ്. വേഗതയിൽ ബോൾ സ്വിങ് ചെയ്യിക്കുകയും വലംകൈയൻമാർക്കെതിരേ അകത്തേക്കു കൊണ്ടുവരാൻ സാധിക്കുകയും ചെയ്യുന്ന ബൗളറുള്ളപ്പോൾ എതിർ ടീമിന് കാര്യങ്ങൾ ബുദ്ധിമുട്ടായി മാറുമെന്നും ഹോഗ് നിരീക്ഷിച്ചു. വലംകൈയൻ ബാറ്റർമാർക്കെതിരേ ബോൾ അകത്തേക്കു കൊണ്ടു വരാൻ കഴിവുള്ളതിനാൽ ഷഹീൻ അഫ്രീഡിക്കു കസറാൻ അവസരമുണ്ടെന്നു ഞാൻ കരുതുന്നു. മൽസരത്തിൽ വിരാട് കോലിയെ തുടക്കത്തിൽ തന്നെ പ്രതിരോധത്തിലാക്കാൻ പാകിസ്താന്റെ ന്യൂബോൾ ബൗളർമാർക്കു കഴിയണം. ഷഹീനെതിരേ ന്യൂബോൾ നേരിടുകയെന്നത് ഇന്ത്യയെ കുഴപ്പത്തിലാക്കും. ഇന്ത്യയുടെ ടോപ് ത്രീ ബാറ്റർമാരും ഷഹീനും തമ്മിലുള്ള പോരാട്ടമായിരിക്കും ഈ മൽസരത്തിൽ നിർണായകമായി മാറുക. ഇന്ത്യയും പാകിസ്താനും തമ്മിലുള്ള കളിയിലെ വിജയവും പരാജയവും തീരുമാനിക്കപ്പെടുക ഇതിനിടെയായിരിക്കുമെന്നും ഹോഗ് വിശദമാക്കി.ഈ വർഷം ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ആദ്യത്തെ പോരാട്ടം കൂടിയാണ് ശനിയാഴ്ചത്തേത്. കൂടാതെ 2019ലെ ഐസിസിയുടെ ഏകദിന ലോകകപ്പിനു ശേഷം ഏകദിനത്തിൽ ഇരുടീമുകളും ആദ്യമായി ഏറ്റുമുട്ടുന്നുവെന്ന പ്രത്യേകതയും ഈ കളിക്കുണ്ട്. കഴിഞ്ഞ വർഷം മൂന്നു തവണയായിരുന്നു ഇന്ത്യയും പാകിസ്താനും കൊമ്പുകോർത്തത്. രണ്ടെണ്ണത്തിൽ ഇന്ത്യ ജയം കൊയ്തപ്പോൾ ഒന്നിൽ പാകിസ്താനും ജയിച്ചുകയറി.കഴിഞ്ഞ വർഷത്തെ ഏഷ്യാ കപ്പിലും ഇരുടീമുകളും ഒരേ ഗ്രൂപ്പിൽ തന്നെയായിരുന്നു. ആദ്യ മൽസരത്തിൽ ഇന്ത്യ വിജയം കൊയ്തപ്പോൾ സൂപ്പർ ഫോറിൽ പാകിസ്താൻ പകരം വീട്ടി. അതിനു ശേഷം ഒക്ടോബറിൽ ഓസ്ട്രേലിയയിൽ നടന്ന ഐസിസി ടി20 ലോകകപ്പിലാണ് അവസാനമായി ഇന്ത്യയും പാകിസ്താനും കൊമ്പുകോർത്തത്. അവസാന ഓവറിലേക്കു നീണ്ട ത്രില്ലറിൽ വിരാട് കോലിയുടെ വൺമാൻ ഷോ ഇന്ത്യക്കു നാടകീയ വിജയം സമ്മാനിക്കുകയായിരുന്നു. പരാജയത്തിന്റെ വക്കിൽ നിന്നായിരുന്നു അന്നു ഇന്ത്യ ജയിച്ചുകയറിയത്.

# പ്രതിരോധത്തിൽ താരങ്ങളേറെ; ബിജോയ് വർഗീസിനെ ഇന്റർ കാശിക്ക് കൈമാറാൻ ബ്ലാസ്റ്റേഴ്സ്

കൊച്ചി: കേരള ബ്ലാസ്റ്റേഴ്സ് ഡിഫൻഡർ ബിജോയ് വർഗീസ് ഐ ലീഗ് ക്ലബ്ബായ ഇന്റർ കാശിയിലേക്ക്. വായ്പാ അടിസ്ഥാനത്തിലാണ് കേരള ക്ലബ് താരത്തെ കൈമാറുന്നത്. ഇതുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രഖ്യാപനം ഉടനുണ്ടാകുമെന്നാണ് സൂചന. നേരത്തെ ഇരുപതുകാരനായ സെന്റർ ഫോർവേഡ് മുഹമ്മദ് അജ്സലിനെയും ബ്ലാസ്റ്റേഴ്സ് വായ്പാ അടിസ്ഥാനത്തിൽ ഇന്റർകാശിക്ക് കൈമാറിയിരുന്നു. വാരാണസി ആസ്ഥാനമായി ഈ വർഷം സ്ഥാപിക്കപ്പെട്ട ഫുട്ബോൾ ക്ലബ്ബാണ് ഇന്റർ കാശി. പ്രതിരോധ നിരയിലേക്ക് ഒരുപടി താരങ്ങൾ ഈ സീസണിൽ എത്തിയ സാഹചര്യത്തിലാണ് ബിജോയിയെ ബ്ലാസ്റ്റേഴ്സ് കൈമാറുന്നത്. കഴിഞ്ഞ സീസണിലെ ഏതാനും മത്സരങ്ങളിൽ പ്ലേയിങ് ഇലവനിൽ ഉണ്ടായിരുന്ന താരമായിരുന്നു മലയാളിയായ ബിജോയ്.ഇത്തവണ പ്രതിരോധത്തിലേക്ക് പ്രീതം കോട്ടാൽ, പ്രബീർ ദാസ്, ഐബൻ ഡോഹ്‌ലിങ് എന്നീ ആഭ്യന്തര താരങ്ങളെ ബ്ലാസ്റ്റേഴ്സ് എത്തിച്ചിരുന്നു. യുവ ഡിഫൻഡർ ഹോർമിപാം റുയ്‌വയെ നിലനിർത്തുകയും ചെയ്തു. മിലോസ് ഡ്രിൻകിച്, മാർകോ ലെസ്കോവിച്ച് എന്നിവരാണ് പ്രതിരോധത്തിലെ വിദേശ താരങ്ങൾ.ഐഎസ്എല്ലിൽ ജംഷഡ്പൂർ എഫ്സി താരമായിരുന്ന പീറ്റർ ഹാർട്‌ലി അടക്കമുള്ള വലിയ താരങ്ങളെ നേരത്തെ ഇന്റർകാശി സ്വന്തമാക്കിയിരുന്നു. സ്പാനിഷ് ഫുട്ബോൾ ക്ലബ്ബായ അത്‌ലറ്റിക്കോ മാഡ്രിഡിന്റെ സാങ്കേതിക സഹകരണവും ഇന്റർകാശിക്കുണ്ട്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.